# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്യൂ.വൈ.ഡി-പി3-997/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 16/12/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്യൂ.വൈ.ഡി-പി3-997/2021 തീയ്യതി: 16/12/2021

## വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-01-2020 മുതൽ 06-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉണ്ണി.പി.കെ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 08-11-2021 | 23-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-11-2021 | 23-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഷാജു തോമസ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ബിന്ദു.കെ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സമീർ.എ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.വിപിൻ ചന്ദ്രൻ..എം.റ്റി

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഗിരിജ കൃഷ്ണൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ജയരാജൻ.എന്.എ | സെക്രട്ടറി | 01-04-2019 | 12-07-2019 |
| അബ്ദുള്ള.വി.എം | സെക്രട്ടറി | 12-07-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ജയരാജൻ.എൻ.എ | സെക്രട്ടറി | 01-04-2019 | 12-07-2019 |
| അബ്ദുള്ള.വി.എം | സെക്രട്ടറി | 12-07-2019 | 31-03-2020 |
| അജി പണിക്കർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 27-07-2019 |
| ശ്രീകുമാർ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 05-08-2019 | 31-03-2020 |
| ഡോ.പ്രവീൺ.ടി.ജോസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 20-04-2019 |
| ഡോ.ചന്തു.എസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 21-04-2019 | 22-08-2019 |
| ഡോ.സാജു.കെ.രാജ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 23-08-2019 | 20-10-2019 |
| ഡോ.സൗമ്യ മാത്യു | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 21-10-2019 | 31-03-2020 |
| ഡോ.പ്രേമൻ.കെ.എസ് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 05-09-2019 |
| ഡോ.ലക്ഷ്മി.എസ്.അരവിന്ദ് | വെറ്ററിനറി സർജ്ജൻ | 05-09-2019 | 31-03-2020 |
| സിന്ദു.കെ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 27-12-2019 |
| സുഭാഷിണി.കെ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 27-12-2019 | 31-03-2020 |
| പി.സുരേന്ദ്രൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| അജിൽ.എം.എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| സജീന്ദ്രകുമാർ. | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 16-09-2019 |
| സതീഷ് കുമാർ.എ.ആർ | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ | 01-04-2019 | 31-10-2019 |
| അശോക് കുമാർ വി.ജി | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ | 31-10-2019 | 31-03-2020 |
| ശ്രീലത.ബി.എ | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ | 10-11-2019 | 31-03-2020 |
| ഇന്ദിര എൻ എം | അസി.എഞ്ചിനീയർ | 01-04-2019 | 04-09-2019 |
| അനിൽകുമാർ.ജെ | അസി.എഞ്ചിനീയർ | 04-09-2019 | 31-03-2020 |
| ഡോ.അബ്ദുൾ റഹ്മാൻ കുട്ടി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.രഞ്ജിത്ത് ചന്ദ്ര വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 29-05-2019 |
| ഡോ.കെ.ജി.രഞ്ജിത്ത് | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 29-05-2019 | 06-06-2019 |
| ഡോ.മിഥുൻ.കെ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 07-06-2019 | 25-12-2019 |
| ഡോ.ജിഷ.ജി | മെഡിക്കൽ | 26-12-2019 | 09-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ(ഹോമിയോ) | | |
| ഡോ.കെ.ജി.രഞ്ജിത്ത് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 10-03-2020 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: M.Sameer (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-1 |
| 2 | ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.<br>Written By: M.Sameer (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-1-1 |
| 3 | ബഡ്ജറ്റ് പൂർണ്ണമല്ല<br>Written By: M.Sameer (Asst. Audit Officer, On 22-11-2021)<br>Last Updated By: Shaju Thomas (Audit Officer, On 16-12-2021) | 1-1-2 |
| 4 | വാർഷിക കണക്കുകൾ<br>Written By: M.Sameer (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-2 |
| 5 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് അക്കൗണ്ട് പ്രകാരം)<br>Written By: M.Sameer (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: M.Sameer (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: M.Sameer (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.Sameer (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 16-12-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: M.Sameer (Asst. Audit Officer, On 13-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: M.Sameer (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണസംവിധാനം<br>Written By: K.K.Bindu (Asst. Audit Officer, On 23-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M.Sameer (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-10 |
| 13 | ആസ്തിരജിസ്റ്റർ ,സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യമൂല്യം കണക്കാക്കിയിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 23-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-11-1 |
| 14 | നിർവഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൌണ്ടിൽ നീക്കിയിരിപ്പുള്ള തുകകളുടെ വിവരം വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 23-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-11-2 |
| 15 | വാർഷികകണക്കുകളിലെ മറ്റ് അപാകതകൾ<br>Written By: K.K.Bindu (Asst. Audit Officer, On 23-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-11-3 |
| 16 | പദ്ധതിരൂപീകരണം - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അപാകങ്ങൾ .<br>Written By: K.K.Bindu (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-12 |
| 17 | രസീതു പരിശോധന- അപാകതകൾ<br>Written By: Vipinchandran.M.T (Auditor, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-13 |
| 18 | രശീതുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Vipinchandran.M.T (Auditor, On 22-11-2021) | 1-14 |

| | | |
|---|---|---|
| | Last Updated By: Unni P.K (Deputy Director, On 14-12-2021) | |
| 19 | തൊഴിൽ നികുതി<br>Written By: Vipinchandran.M.T (Auditor, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-15 |
| 20 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-16 |
| 21 | ആസ്തിസംരക്ഷണത്തിലെ അപാകത-പഞ്ചായത്ത് സ്റ്റേഡിയം ഭൂമിയുടെ ഭൂനികുതിയോടൊപ്പം പലിശയിനത്തിൽ തുക ചെലവഴിച്ചു<br>Written By: K.K.Bindu (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-17 |
| 22 | സംയുക്തപരിശോധന നടത്തി തെരുവുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നത് ക്രമീകരിച്ചിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-18 |
| 23 | തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് പ്രത്യേകലൈൻ വലിക്കൽ,മീറ്റർ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിച്ചില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-19 |
| 24 | കുടുംബശ്രീമുഖേന പച്ചക്കറിതൈ വിതരണം-പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ.<br>Written By: K.K.Bindu (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-20 |
| 25 | വെറ്റിനറി സർജൻ നടപ്പാക്കിയ മരുന്ന് വാങ്ങൽ പദ്ധതി-അപാകങ്ങൾ<br>Written By: K.K.Bindu (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-21 |
| 26 | വെറ്റിനറി സർജൻ നടപ്പാക്കിയ വിധവകൾക്ക് പെണ്ണാട് വിതരണപദ്ധതി-അപാകതകൾ<br>Written By: K.K.Bindu (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-22 |
| 27 | വെറ്റിനറി സർജൻ നടപ്പാക്കിയ നിരാലംബരായ എസ്.ടി.വനിതകൾക്ക് പെണ്ണാട് വിതരണപദ്ധതി-അപാകതകൾ<br>Written By: K.K.Bindu (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-23 |
| 28 | വെറ്റിനറി സർജൻ നടപ്പാക്കിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-തുക ഗുണഭോക്താക്കൾക്ക് ലഭിച്ച വിവരങ്ങൾ ഫയലിൽ ഇല്ല.<br>Written By: K.K.Bindu (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-24 |
| 29 | വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-25 |
| 30 | തുടർസാക്ഷരത പദ്ധതി രേഖകൾ ഹാജരാക്കിയിട്ടില്ല 1,08,561/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.<br>Written By: M.Sameer (Asst. Audit Officer, On 22-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-26 |
| 31 | വിവിധ കുടിവെള്ള പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: M.Sameer (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-27 |
| 32 | പട്ടിക വർഗ്ഗ സാംസ്കാരിക നിലയങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ -രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: M.Sameer (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-28 |
| 33 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പ്രദർശന ബോർഡ് സ്ഥാപിക്കൽ - ചരക്ക് സേവന നികുതി ഒടുക്കിയില്ല | 1-29 |

| | | |
|---|---|---|
| | Written By: M.Sameer (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | |
| 34 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികൾ പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് പ്രഭാത ഭക്ഷണം രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: M.Sameer (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-30 |
| 35 | അസി.എൻജിനിയറുടെ രജിസ്റ്ററുകളും ഫയലുകളും അപൂർണ്ണം<br>Written By: Shaju Thomas (Audit Officer, On 27-11-2021)<br>Last Updated By: Shaju Thomas (Audit Officer, On 11-12-2021) | 1-31 |
| 36 | മരാമത്ത് പ്രവൃത്തി എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല<br>Written By: Shaju Thomas (Audit Officer, On 27-11-2021)<br>Last Updated By: Unni P.K (Deputy Director, On 16-12-2021) | 1-32 |
| 37 | ടൗണുകളിൽ ഡസ്റ്റ്ബിൻ സ്ഥാപിക്കൽ ചട്ടങ്ങൾ പാലിക്കാതെ പ്രവൃത്തി നടപ്പിലാക്കി<br>Written By: Shaju Thomas (Audit Officer, On 27-11-2021)<br>Last Updated By: Shaju Thomas (Audit Officer, On 11-12-2021) | 1-33 |
| 38 | മരാമത്ത് പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം-പിഴ ഈടാക്കിയില്ല<br>Written By: Shaju Thomas (Audit Officer, On 27-11-2021)<br>Last Updated By: Unni P.K (Deputy Director, On 16-12-2021) | 1-34 |
| 39 | ബില്ലിൽ നിന്നും ചരക്ക് സേവന നികുതി കുറവ് വരുത്തിയില്ല<br>Written By: Shaju Thomas (Audit Officer, On 27-11-2021)<br>Last Updated By: Shaju Thomas (Audit Officer, On 11-12-2021) | 1-35 |
| 40 | സമയബന്ധിതമായി പൂർത്തിയാക്കാത്ത മരാമത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കി നൽകുന്നു<br>Written By: Shaju Thomas (Audit Officer, On 27-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.Sameer (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.Sameer (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.Sameer (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.Sameer (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M.Sameer (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.Sameer (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.Sameer (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shaju Thomas (Audit Officer, On 16-12-2021)<br>Last Updated By: Shaju Thomas (Audit Officer, On 16-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: M.Sameer (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.Sameer (Asst. Audit Officer, On 11-12-2021)<br>Last Updated By: Unni P.K (Deputy Director, On 14-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.Sameer (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni P.K (Deputy Director, On 16-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബഡ്ജറ്റ് താഴെപ്പറയുന്ന രീതിയിൽ അംഗീകരിച്ചിട്ടുണ്ട്.

| ഇനം | 2019-20 | |
|---|---|---|
| | യഥാർത്ഥം | പുതുക്കിയത് |
| മുൻബാക്കി | 7,586,316.00 | 7,586,316.00 |
| വരവ് | 228138000.00 | 285,346,623.00 |
| ആകെ | 235,724,316.00 | 292,932,939.00 |
| ചെലവ് | 231,880,000.00 | 291,661,404.00 |
| നീക്കിബാക്കി | 3,844,316.00 | 1,271,535.00 |
| തീരുമാനം നമ്പർ/ തീയതി | 1/19 Dt 21.02.2019 | 1/20 Dt 10.03.2020 |

### 1-1-1 ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തികവൃഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

നിർവഹണോദ്യോഗസ്ഥരോടും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളോടും 2019-20 വർഷത്തെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള വിവരങ്ങൾ ആവശ്യപ്പെടുകയോ ആയതിന് വേണ്ടി യോഗം ചേർന്നതായോ കാണുന്നില്ല. എന്നാൽ നിർവഹണോദ്യോഗസ്ഥർ പ്രൊപ്പോസൽ സമർപ്പിച്ചതായി കാണുന്നില്ല.കൂടുതൽ പദ്ധതികൾ നടപ്പാക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ,ഐ,സി.ഡി.എസ്.സൂപ്പർവൈസർ ,വി.ഇ.ഒ എന്നിവരൊന്നും പ്രോപ്പോസലുകൾ സമർപ്പിക്കാത്തത് ശ്രദ്ധിക്കപ്പെടേണ്ടതാണ്.

സെക്രട്ടറി ,വിവിധ ഓഫീസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല.പ്രോപ്പോസൽ ആവശ്യപ്പെടാൻ തീരുമാനിച്ചതല്ലാതെ മറ്റ് യാതൊരു നടപടിക്രമങ്ങളും പാലിച്ചിട്ടില്ല.വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല .ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല.

### 1-1-2 ബഡ്ജറ്റ് പൂർണ്ണമല്ല

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാന്വലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭവ, തീയതി. 02.12.2016 ) ഖണ്ഡിക 3.1 പ്രകാരം ബഡ്ജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബഡ്ജറ്റ് പ്രസംഗം.

2. ബഡ്ജറ്റ് നോട്ട്സ്.

3. ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും.

4. പെർഫോമൻസ് ബഡ്ജറ്റ്.

5. ജെന്റർ ബഡ്ജറ്റ്.

മേൽ പറഞ്ഞ പ്രാമാണങ്ങളിൽ ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖകൾ ഗ്രാമപഞ്ചായത്ത് തയ്യാറക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2019-20 വർഷത്തെ ബഡ്ജറ്റ് അപൂർണ്ണമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

സി.യഥാർത്ഥവരവുചെലവുകളും ബഡ്ജറ്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ രണ്ടുവർഷങ്ങളിലെ ബഡ്ജറ്റുകളും യഥാർത്ഥ വരവുചെലവുകളുമായി വളരെ അന്തരമുള്ളതാണ്.

| ഇനം | 2019-20 | |
|---|---|---|
| | പുതുക്കിയ ബഡ്ജറ്റ് പ്രകാരം | വാർഷികകണക്കുകൾ പ്രകാരം |
| മുൻബാക്കി | 7,586,316.00 | 10,515,660.00 |
| വരവ് | 285,346,623.00 | 91,717,349.00 |
| ആകെ | 292,932,939.00 | 1,102,233,009.00 |
| ചെലവ് | 291,661,404.00 | 88,112,372.00 |
| നീക്കിബാക്കി | 1,271,535.00 | 14,120,637.00 |

പ്രതീക്ഷിത വരവുചെലവുകളുടെ ഏകദേശം പകുതി മാത്രമാണ് യഥാർത്ഥ വരവുചെലവുകൾ. വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവിനേക്കാൾ തൻവർഷത്തെ ബഡ്ജറ്റിൽ പലയിനം വരവുകളിലും ഗണ്യമായ വ്യത്യാസം ഉണ്ട്. എന്നാൽ ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡിറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരുമാനം (കുടിശ്ശിക ഉൾപ്പെടെ) |
|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 2500000 | 2422495 |
| 2 | 1102001 | തൊഴിൽ നികുതി | 1100000 | 1076070 |
| 3 | 1401001 | ലൈസൻസ് ഫീസ് | 50000 | 120450 |
| 4 | 1401101 | പെർമിറ്റ് ഫീസ് | 120000 | 92123 |

വാസ്തവികമല്ലാത്ത ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ വരവിനേക്കാൾ പെരുപ്പിച്ചുകാണിക്കുന്ന ബഡ്ജറ്റ് തയ്യാറാക്കുന്നത് മൂലം തുകവകയിരുത്തി പദ്ധതികൾ എല്ലാം നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ, നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ചെലവ് തുക നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. അങ്ങനെ വന്നാൽ അത് ഗ്രാമപഞ്ചായത്തിനെ കോടതി വ്യവഹാരങ്ങളിലേക്ക് നയിക്കുകയും ആയതുമൂലം ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ടാകുകയും ചെയ്യും. ആയതിനാൽ യഥാർത്ഥ്യ ബോധ്യത്തോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2020 | 17/06/2020 | | |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10515660 |
| വരവ് | 91717349 |
| ആകെ | 1102233009 |
| ചെലവ് | 88112372 |
| നീക്കിയിരിപ്പ് | 14120637 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 7543903 | 19476369 | 27020272 | 16340576 | 10679696 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 851318 | 4044588 | 4895906 | 1767700 | 3128206 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 1447233 | 7237471 | 8684704 | 3414260 | 5270444 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 6190000 | 31347000 | 37537000 | 13781953 | 23755047 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 847003 | 6177000 | 7024003 | 4404649 | 2619354 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 2972933 | 16496067 | 19469000 | 7297232 | 12171768 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 4152191 | 15053292 | 19205483 | 1117300 | 18088183 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 248 | 177076420 | 128 | 65593193 | | 120 | 51.61 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 25230 | 961102 | 986332 | 540547 | 445785 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 29333645 | 29333645 | 29333645 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് സംസ്ഥാന വിഹിതം | | 478000 | 478000 | 478000 | |
| സാധന ഘടകം | | 3705486 | 3705486 | 3705486 | |
| ആകെ | 25230 | 34478233 | 34,503,463 | 34057678 | 445785 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 22800 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 2292600 | 443 |
| വിധവാപെൻഷൻ | 5443200 | 972 |
| വാർദ്ധക്യകാലപെൻഷൻ | 12297000 | 2358 |
| വികലാംഗപെൻഷൻ | 1718400 | 325 |
| | - | |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17/11/2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7857/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവഹിക്കുന്നതിനും രജിസ്റ്ററുകളും രേഖകളും എഴുതിസൂക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരും ഭരണസമിതിയും പരിശ്രമിച്ചിട്ടുണ്ട്.

1994 -ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 ഒന്നാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലകൾ നിർവഹിക്കുന്നതിനും പഞ്ചായത്ത് പരിശ്രമിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പാലിക്കുന്നതിൽ താഴെപ്പറയുന്ന വസ്തുതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1. തൊഴിൽനികുതി,ലൈസൻസ് ,വസ്തുനികുതി എന്നിവയുടെ ഫയലുകൾ നന്നായി സൂക്ഷിക്കുകയും ഈയിനത്തിൽ വരുമാനനഷ്ടം വരാതെ ശ്രദ്ധിക്കുകയും ചെയ്തിട്ടുണ്ട്.
2. വിവിധസാമൂഹ്യസുരക്ഷിതത്വപെൻഷനുകൾ സംബന്ധിച്ച് ഫയലുകൾ സൂക്ഷിക്കുന്നതിലും അപേക്ഷകൾ തീർപ്പാക്കുന്നതിലും ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.
3. പ്രസിഡന്റിന്റെ ദുരിതാശ്വാസനിധി നല്ല രീതിയിൽ കൈകാര്യം ചെയ്തിട്ടുണ്ട്.

4.ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല. ടെണ്ടർ ഫോറം വിറ്റതിന്റെയും ബാക്കിയുള്ളതിന്റെയും വില ഈടാക്കിയതിന്റെയും കണക്കുകൾ സൂക്ഷിച്ചിട്ടില്ല. അതിനാൽ ടെണ്ടർ ഫോറങ്ങൾ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാഹചര്യം നിലനിൽക്കുന്നു.

5.നിർവഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൌണ്ടിൽ തുകകൾ ബാക്കിനിൽക്കുന്നെങ്കിലും അവയുടെ വിവരം പഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

6.സംയുക്തപ്രോജക്ടുകൾക്ക് വേണ്ടി തുകകൾ ലഭിക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ വകയിരുത്തുന്ന തുകകൾ ചെലവഴിക്കാൻ കഴിയുന്നില്ല.(ഉദാ:-ക്ഷീരകർഷകർക്ക് കാലിത്തീറ്റ ,)

7.ബ്ലോക്ക് പഞ്ചായത്ത് വിഹിതം,ജില്ലാപഞ്ചായത്ത് വിഹിതം,സംയോജിതശിശുവികസനപദ്ധതിക്കുള്ള കേന്ദ്രവിഹിതം എന്നിവ ചെലവഴിക്കാതെ അവശേഷിക്കുന്നു

8ശുചിത്വമിഷനിൽനിന്നും കിട്ടിയ തുകയിൽ നിലവിൽ 6,76,826/- രൂപ ബാക്കിയുണ്ട്.ആയതിന് പ്രോജക്ട് തയ്യാറാക്കിയിട്ടില്ല.

9.ആസ്തിരജിസ്റ്റർ നിലവിലും കാലികമാക്കിയിട്ടില്ല.2015 വരെയുള്ള ആസ്തികളുടെ വിവരം ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

10നിർവഹണോദ്യോഗസ്ഥർക്ക് കണ്ടിജന്റ് ചെലവുകൾക്ക് നൽകിയ മുൻകൂർ ക്രമീകരിക്കുന്നില്ല.

11.ഭരണസമിതിതീരുമാനങ്ങൾ നടപ്പാക്കുന്നതിൽ വീഴ്ച,

ഉദാഹരണമായി 29.07.19ലെ15/19 നമ്പർ തീരുമാനപ്രകാരം തെരുവുടാപ്പുകളുടെ സംയുക്തപരിശോധന നടത്താൻ തീരുമാനം എടുത്തെങ്കിലും നാളിതുവരെയും നടത്തിയിട്ടില്ല.സ്റ്റാൻഡിംഗ് കമ്മിറ്റികളോട് നിർവഹണകലണ്ടർ തയ്യാറാക്കാൻ 26.08.19 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ആവശ്യപ്പെട്ടെങ്കിലും ചെയ്തതായികാണുന്നില്ല.

12സർക്കാർ ഉത്തരവ് 72/17 ത.സ്വ.ഭ.വ തീ 29/3/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 13.6(9) അനുസരിച്ച് മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിക്കേണ്ടതുണ്ട്.എന്നാൽ ഇപ്രകാരം യോഗം വിളിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

13.വിവിധപദ്ധതികൾക്ക് ലഭിക്കുന്ന ജില്ലാപഞ്ചായത്ത് ,ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളിൽ ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കുന്നില്ല.

14.റീകൺസിലിയേഷൻ നടത്തുന്നതിൽ അപാകങ്ങൾ ഉണ്ട്. തുകകൾ ബാങ്ക് അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് പരിശോധിക്കപ്പെടുന്നില്ല.

15.ഗ്രാമപഞ്ചായത്ത് തൻവർഷം ഇ - ടെണ്ടർ നടപടി മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ലഭിച്ചതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നടപ്പാക്കാൻ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22/6/2019- 24/62019 | 1/1/2019 – 31/3/2019 | 10/3/2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/8/2010 – 2/9/2010 | 2005-2006 മുതൽ 2009-2010 വരെ | 7/10/2010 |

## 1-11-1 ആസ്തിരജിസ്റ്റർ ,സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യമൂല്യം കണക്കാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യമൂല്യം കണക്കാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ഫിക്സഡ് അസറ്റ്സിൻെറയും സ്റ്റോക്കിൻെറയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

കൂടാതെ ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തിരജിസ്റ്റർ 2015 വ്രഷം വരെ മാത്രമാണ് കാലികമാക്കിയിട്ടുള്ളത്.അതുകൊണ്ട് തന്നെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളുടെയും മൂല്യനിർണ്ണയം നടത്തി വാർഷികകണക്കിൽ ഉൽപ്പെടുത്തിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 6/19-20 തീയതി 16.11.21ക്ക് മറുപടി നൽകിയിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11-2 നിർവഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൌണ്ടിൽ നീക്കിയിരിപ്പുള്ള തുകകളുടെ വിവരം വാർഷികകണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

നിർവഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൌണ്ടുകളിൽ 31.03.20 ന് തുകകൾ നീക്കിയിരിപ്പുണ്ടെങ്കിലും നീക്കിയിരുപ്പിന്റെ വിവരം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമനമ്പർ | നിർവഹണോദ്യോഗസ്ഥൻ | അക്കൌണ്ട് നമ്പർ | നീക്കിയിരുപ്പ് |
|---|---|---|---|
| 1 | അസി.എഞ്ചിനീയർ | 40116101023479 | 43264 |
| 2 | അസി.എഞ്ചിനീയർ | 0863101027006 | 47999 |

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 6/19-20 തീയതി 16.11.21ക്ക് മറുപടി നൽകിയിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11-3 വാർഷികകണക്കുകളിലെ മറ്റ് അപാകതകൾ

1അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) വാർഷികക്കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

2.മെയിന്റനൻസ് ഫണ്ട് (റോഡ്),കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ACR പ്രകാരമുള്ള വരവും വാർഷികകണക്കുകളിലെ വരവും പൊരുത്തപ്പെടുന്നില്ല.

| ക്രമനമ്പർ | ഇനം | വാർഷികകണക്ക് പ്രകാരമുള്ള വരവ് | ACR പ്രകാരമുള്ള വരവ് |
|---|---|---|---|
| 1 | മെയിന്റനൻസ് ഫണ്ട് (റോഡ്) | 12214619 | 13781953 |
| 2 | കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് | 6482261 | 7297232 |

3.താഴെപ്പറയുന്ന ബാങ്ക് അക്കൌണ്ടുകൾ വർഷാവസാനം റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

| ക്രമനമ്പർ | ബാങ്ക് അക്കൌണ്ട് | വാർഷികകണക്കുകൾ പ്രകാരം വർഷാവസാനബാക്കി | റിമാർക്സ് |
|---|---|---|---|
| 1 | വയനാട് ജില്ലാസഹകരണബാങ്ക്അക്കൌണ്ട് നമ്പർ-130071201020055 | 1000 | സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിബാക്കി 1082- റീകൺസിലിയേഷൻ നടത്തിയിട്ടില്ല. |
| 2 | SBI കാപ്പിസെറ്റ് | 1034437 | റീകൺസിലിയേഷൻ സെക്രട്ടറി ഒപ്പുവെച്ചിട്ടില്ല |
| 3 | കാനറാബാങ്ക് അക്കൌണ്ട് നമ്പർ 0863101029519 | 37240 | റീകൺസിലിയേഷൻ നടത്തിയിട്ടില്ല.വാർഷികകണക്കുകളിലെ നീക്കിബാക്കി തുക 31.01.20 ലെ തുകയാണ് |

3.ട്രഷറി-Ownfund-VPFA-1,2 എന്ന ട്രഷറി അക്കൌണ്ടിൽ 31.03.20 ന് 243924 രൂപ നീക്കിയിരിപ്പുണ്ട്.ഈ തുക ഏത് ആവശ്യത്തിന് നിക്ഷേപിച്ചതാണ് എന്നുള്ള വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല.

4.പഞ്ചായത്ത് ജനറൽ ഫണ്ട് Surplus /Deficit തൻവർഷ നീക്കിയിരിപ്പ് ട്രയൽ ബാലൻസിലേയും ബാലൻസ്ഷീറ്റിലേയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഹെഡ് ഓഫ് അക്കൗണ്ട് | ട്രയൽ ബാലൻസ് നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് നീക്കിയിരിപ്പ് |
|---|---|---|
| 310900101 | ₹9609981/- | ₹4876582.95 |

5.ട്രഷറി ടി.എസ്.ബി,തനതുഫണ്ട് ബാങ്ക് അക്കൌണ്ട് എന്നിവയിൽ കേന്ദ്രാവിഷ്കൃതഫണ്ട് ഉൾപ്പെടെ പ്രത്യേക അക്കൌണ്ടിൽ സൂക്ഷിക്കേണ്ട പല ഫണ്ടുകളും നിക്ഷേപിച്ചിരിക്കുന്നു.വ്യത്യസ്ത ആവശ്യങ്ങൾക്കുള്ള ഫണ്ടുകൾ പ്രത്യേകം അക്കൌണ്ടുകളിൽ സൂക്ഷിക്കേണ്ടതാണ്.തനതുഫണ്ട് അക്കൌണ്ട് പ്രത്യേകം നിലനിർത്തേണ്ടതാണ്. തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഇതര ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഫണ്ടുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6.RP-14 പ്രകാരം പലിശ പിടിച്ചത് 2509487 കാണുന്നു.എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല.KURDFC ലോൺ സംബന്ധിച്ച രജിസ്റ്റർ എഴുതിസൂക്ഷിച്ചിട്ടില്ല.

7. വാർഷികകണക്കുകൾ പ്രകാരം ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് 2194108 രൂപ കാണിച്ചിട്ടുള്ളതിന്റെ വർക്ക് ഷീറ്റ് വെച്ചിട്ടില്ല.

8.മുൻവർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ച ശ്രദ്ധയിൽപ്പെടുത്തിയ അപാകതകൾ നാളിതുവരെയും പരിഹരിച്ചിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 6/19-20 തീയതി 16.11.21ക്ക് മറുപടി നൽകിയിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-12 പദ്ധതിരൂപീകരണം - നടപടിക്രമങ്ങൾ പാലിക്കുന്നതിൽ അപാകങ്ങൾ .

പതിമൂന്നാം പഞ്ചവൽസരപദ്ധതിയിലെ ഗ്രാമ,ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഗ്രാമ,ബ്ലോക്ക് ,ജില്ലാ പഞ്ചായത്തുകൾ പാലിക്കേണ്ട നടപടിക്രമങ്ങളും ചുമതലകളും സംബന്ധിച്ച് 29.01.2018 ലെ ജി.ഒ.(എം.എസ് ) 11/2018.ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.കൂടാതെ പദ്ധതിരൂപീകരണത്തിലും നടത്തിപ്പിലുമുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകളും മേൽ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്.

മേൽഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം രൂപീകരിച്ചിട്ടുണ്ട് എന്ന് മിനട്സ് ബുക്കുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ച വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിൽ പദ്ധതിരൂപീകരണനടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 2019-20 വർഷത്തേക്കുള്ള പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് 30.10.18 ന് മാത്രമാണ്.ഈ യോഗങ്ങളിൽ ഓരോ മേഖലകളിലെയും നിലവിലെ സ്ഥിതി അവലോകനം ചെയ്തതായി കാണുന്നില്ല.ഏതാനും പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് മറ്റ് ചർച്ചകൾ നടന്നതായി വർക്കിംഗ് ഗ്രൂപ്പ് മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ തന്നെ പദ്ധതിരൂപീകരണപ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടില്ല.
2. വികസനസെമിനാർ 29.11.18 ന് നടന്നതായി മിനട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും നിലവിലെ അവസ്ഥ സംബന്ധിച്ച് അവലോകനം നടത്തിയതായി കാണുന്നില്ല.
3. വിവിധ വിഭവസമാഹരണസാദ്ധ്യതകൾ പരിഗണിച്ച് പദ്ധതിയുടെ അടങ്കൽ തുക ,തദ്ദേശഭരണസ്ഥാപനത്തിന്റെ മുൻഗണനകൾ എന്നിവ പരിഗണിച്ച് ഓരോ വിഷയമേഖലയിലേക്കുംഉപമേഖലക്കും വകയിരുത്താവുന്ന അടങ്കൽ തുക പ്രമേയം മുഖേന ഭരണസമിതി തീരുമാനിക്കുകയോ ,സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നിർദ്ദേശം നൽകുകയോ ,അതനസരിച്ച് സ്റ്റാൻഡിംഗ് കമ്മിറ്റികൾ വർക്കിംഗ് ഗ്രൂപ്പുകളോട് പദ്ധതി രൂപീകരിക്കാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല.

4. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല . നടപ്പപദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.പദ്ധതി നടത്തിപ്പ് മോണിട്ടർ ചെയ്തിട്ടില്ല..
5. പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളെല്ലാം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ചർച്ച ചെയ്തവയല്ല.വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്യാത്ത പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും.
6. പദ്ധതിനടത്തിപ്പ് മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ നടന്നിട്ടില്ല. 06.07.19,09.12.19,28.02.20എന്നീ തീയതികളിലാണ് തൻവർഷം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ചേർന്നിട്ടുള്ളത്.ഈ യോഗങ്ങളിലൊന്നും വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിനടത്തിപ്പ് മോണിട്ടറിംഗ് നടത്തിയിട്ടില്ല.

7..വർക്കിംഗ് ഗ്രൂപ്പ് മിനട്സുകൾ പരിശോധിച്ചതിൽ പല യോഗങ്ങളുടെയും മിനട്സുകൾ എഴുതി പൂർത്തീകരിച്ചതായി കാണുന്നില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക വിരുദ്ധമായി പദ്ധതിരൂപീകരണം നടത്തിയതിനും പദ്ധതികൾ നടപ്പാക്കിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 രസീതു പരിശോധന- അപാകതകൾ

1 പകർപ്പ് രസീതില്ലാതെ ക്യാൻസൽ ചെയ്തു
രസീതു നമ്പർ 95/60211/25-9-2020 ൽ ആദ്യം ശ്രീ ബിനോയ് വി.യു. എന്ന കരാറുകാരന്റെ പേരെഴുതിയെങ്കിലും വെട്ടി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി മറ്റൊരുകരാറുകാരനായ ശ്രീ പീറ്റർ പി വി.യുടെ പേരിൽ 609 രൂപയുടെ രസീത് എഴുതിയെങ്കിലും,പിന്നെ കാരണം രേഖപ്പെടുത്താതെ ക്യാൻസൽ ചെയ്തിട്ടുണ്ട്.എന്നാൽ പകർപ്പ് രസീത് തിരികെ വയ്ക്കാതെയാണ്(കൗണ്ടർഫോയിൽ മാത്രമാണുള്ളത്) ക്യാൻസൽ ചെയ്തിരിക്കുന്നത്.രസീതു ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഹാജരാക്കിയില്ല. ഇതു സൂചിപ്പിക്കുന്നത് രസീതു മുറിച്ച് നൽകിയതിന് ശേഷം പിന്നീട് ക്യാൻസൽ ചെയ്തതാണ് എന്നാണ്. അതിനാൽ രസീതിൽ രേഖപ്പെടുത്തിയിരിക്കുന്ന 609 രൂപ നിർവ്വഹണോദ്യോഗസ്ഥൻ തിരിച്ചടക്കേണ്ടതാണ്
2. കാരണം രേഖപ്പെടുത്താതെ രസീതുകൾ ക്യാൻസൽ ചെയ്യുന്നു.
നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ക്യാൻസൽ ചെയ്ത ചുവടെ ചേർത്തിട്ടുള്ള രസീതുകളിൽ കാരണം രേഖപ്പെടുത്തുകയോ ,സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | ബുക്ക് നമ്പർ | രസീത് നമ്പർ/ തീയതി | അപാകത |
|---|---|---|---|
| 1 | 60211 | 17/17.08.2020, 21/17.08.2020 25/25.09.2020 | ക്യാൻസൽ ചെയ്ത രശീതിയുടെ കാരണം രേഖപ്പെടുത്തിട്ടിയില്ല.തിരുത്തലുകൾ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല . |
| 2 | 60212 | 78 മുതൽ 97 വരെ , | സാമ്പത്തിക വർഷം കഴിയുമ്പോൾ രസീത് ബുക്ക് ബാക്കിയുള്ള രസീതുകൾ ക്യാൻസൽ ചെയ്ത് തിരിച്ച് ഏല്പിച്ചിട്ടില്ല ,കൂടാതെ തിരിച്ച് ഏല്പിക്കേണ്ട രസീത് ബുക്കിൽ തന്നെ ആണ് അടുത്ത സാമ്പത്തിക വർഷത്തെ കലക്ഷനും സ്വീകരിച്ചത്. |

3. സാമ്പത്തിക വർഷം അവസാനിച്ചിട്ടും രസീതു ബുക്കിലെ അവശേഷിച്ച രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. ഉദാ: ബുക്ക് നം. 60212 രസീത് നം.97-100, ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 13 ന് അറിവില്ലായ്മ മൂലമാണ് അപ്രകാരം സംഭവിച്ചതെന്നും ഇനി ആവർത്തിക്കുകയില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലേയും, കെ.ടി.സി യിലേയും നിബന്ധനകൾ പാലിക്കുവാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 രശീതുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. രശീതുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.ഗ്രാമപഞ്ചായത്തിൽ നിന്നും വെറ്റിനറി സർജന് വിവിധ തുകകൾ പിരിക്കുന്നതിന് വേണ്ടി നൽകിയ താഴെപ്പറയുന്ന രശീത്ബുക്കുകളും കളക്ഷൻ രജിസ്റ്ററുകളും പിരിച്ചെടുത്ത തുക ഗ്രാമപഞ്ചായത്തിൽ അടവാക്കിയ വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| രശീത് ബുക്ക് നമ്പർ | നൽകിയ തീയതി |
|---|---|
| 60217 | 12.01.21 |
| 60218 | 12.01.21 |
| 60219 | 12.01.21 |
| 60220 | 13.01.21 |

8.11.21 ന് ഓഡിറ്റ് റിക്വിസിഷൻപ്രകാരവും ഓഡിറ്റ് എൻക്വയറി.നം.12 /19-20 തീയതി 16.11.21 പ്രകാരവും വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയിട്ടില്ല.ഈ വിഷയത്തിൽ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി

പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളിൽ നിന്നും ,വിവിധ മരാമത്ത് പ്രവൃത്തികളിൽ ഏർപ്പെട്ട കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ലയെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.13/18.11.2021)പ്രകാരം ചൂണ്ടിക്കാണിച്ചതിന്റെ ഫലമായി 8 കരാറുകാരിൽ നിന്നും 2019-20 ലെ രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതിയും പലിശയും ഓഡിറ്റ് കാലയളവിൽ ഈടാക്കിയത് അഭിനന്ദനാർഹമാണ്. ഓഡിറ്റ് എൻക്വയറിയിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ് .ഈയിനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടം വന്നിട്ടില്ലയെന്നുറപ്പാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ രേഖകൾ പരിശോധിച്ചതിൽ മുൻവർഷങ്ങളിലും തൻവർഷവും അനുവദിച്ച മുൻകൂറുകൾ ക്രമീകരിക്കാത്തത് കണ്ടു.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.2017-18 വർഷം മൂന്ന് വ്യക്തികൾക്ക് അനുവദിച്ച 36000 രൂപ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

2.ആരോഗ്യജാഗ്രതാപ്രവർത്തനങ്ങൾക്കായി നൽകിയ താഴെപ്പറയുന്ന മുൻകൂറുകളുടെ വിവരങ്ങൾ ക്രമീകരിച്ചിട്ടില്ല.

| ക്രമനമ്പർ | വൌച്ചർ നമ്പർ/തീയതി | കൈപ്പറ്റിയ വ്യക്തി | തുക |
|---|---|---|---|
| 1 | 21900095/10.05.19 | കൺവീനർ &ചെയർമാൻ,<br>വാർഡ് ഹെൽത്ത് &സാനിറ്റേഷൻ കമ്മിറ്റിവാർഡ്-2 | 10000 |
| 2 | 21900096/10.05.19 | കൺവീനർ &ചെയർമാൻ,<br>വാർഡ് ഹെൽത്ത് &സാനിറ്റേഷൻ കമ്മിറ്റിവാർഡ്-3 | 10000 |
| 3 | 21900097/10.05.19 | കൺവീനർ &ചെയർമാൻ,<br>വാർഡ് ഹെൽത്ത് &സാനിറ്റേഷൻ കമ്മിറ്റിവാർഡ്-12 | 10000 |
| 4 | 21900098/10.05.19 | കൺവീനർ &ചെയർമാൻ,<br>വാർഡ് ഹെൽത്ത് &സാനിറ്റേഷൻ കമ്മിറ്റിവാർഡ്-10 | 10000 |

3.മഴക്കാലപൂർവ്വശുചീകരണപ്രവർത്തനങ്ങൾക്കായി എല്ലാവാർഡിലെയും വാർഡ് സാനിറ്റേഷൻ കമ്മിറ്റി കൺവീനർമാർക്ക് വൌച്ചർ നമ്പർ 21900106/13.05.19 മുതൽ വൌച്ചർ നമ്പർ 21900123/10.05.19 വരെയുള്ള വൌച്ചറുകൾ പ്രകാരം 15000 രൂപ വീതം നൽകി. ഈ തുകയും നാളിതുവരെ ക്രമീകരിച്ചതായോ ചെലവുരേഖകൾ ഹാജരാക്കിയതായോ കാണുന്നില്ല.

4.സ്ഥലം മാറ്റം ലഭിച്ച് മറ്റ് സ്ഥാപനങ്ങളിലേക്ക് പോയ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിച്ചു കാണുന്നില്ല.

5.കണ്ടിജന്റ് ചെലവുകൾക്ക് വിവിധ നിർവഹണോദ്യോഗസ്ഥർക്ക് നൽകിയ മുൻകൂർ തുകകളും ക്രമീകരിച്ചതായി കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി.നം.11/19-20 തീയതി 16.11.21പ്രകാരം മുൻകൂറുകൾ ക്രമീകരിച്ച വിവരം ആവശ്യപ്പെട്ടുവെങ്കിലും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 10-6-2012 ലെ ജി ഒ (പി)നം 390/12/ഫിൻ പ്രകാരം മുൻകൂറുകൾ മൂന്നുമാസത്തിനകം ക്രമീകരിക്കണം.ഇതിനുശേഷം ക്രമീകരിക്കാനുള്ള മുൻകൂറുകൾക്ക് 18% പലിശ ഈടാക്കണമെന്നാണ്. മുൻകൂറുകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 ആസ്തിസംരക്ഷണത്തിലെ അപാകത-പഞ്ചായത്ത് സ്റ്റേഡിയം ഭൂമിയുടെ ഭൂനികുതിയോടൊപ്പം പലിശയിനത്തിൽ തുക ചെലവഴിച്ചു

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം ചേലൂർ സ്റ്റേഡിയത്തിന്റെ ഭൂനികുതി കുടിശ്ശിക അടക്കുന്നതിന് 16468 രൂപ ചെലവഴിച്ചു.നികുതി രശീത് പ്രകാരം തൻവർഷനികുതി 510 രൂപ,കുടിശ്ശിക 3940 രൂപ,പലിശ 12023 രൂപ എന്നിങ്ങനെയാണ് തുക അടച്ചത്.ആസ്തികൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ ഇല്ലാത്തതും ആസ്തിസംരക്ഷണപ്രവർത്തനങ്ങളുടെ അപാകതകളും മൂലമാണ് ഇത്തരത്തിൽ പലിശ അടക്കേണ്ടിവരുന്നത്.ഓഡിറ്റ് എൻക്വയറി.നം.18/19-20 തീയതി 18.11.21പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ആസ്തിസംരക്ഷണത്തിന് പ്രത്യേകപദ്ധതി തയ്യാറാക്കേണ്ടതും അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-18 സംയുക്തപരിശോധന നടത്തി തെരുവുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നത് ക്രമീകരിച്ചിട്ടില്ല.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ രേഖകൾ പരിശോധിച്ചതിൽ തെരുവുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 145688രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്.

333 ടാപ്പുകൾക്കാണ് തൻവർഷം 5250രൂപ നിരക്കിൽ തുക അടച്ചത്.വാട്ടർ ടാപ്പുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് സംയുക്തപരിശോധന നടത്തിയതായി കാണുന്നില്ല.ഭരണസമിതിയുടെ 25.11.17 ലെ 7/17 നമ്പർ തീരുമാനപ്രകാരം സംയുക്തപരിശോധന നടത്താൻ തീരുമാനമെടുത്തെങ്കിലും പരിശോധന നടത്തിയതായി കാണുന്നില്ല.ഓഡിറ്റ് എൻക്വയറി.നം.17/19-20 തീയതി 18.11.21 പ്രകാരം വിവരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല.സംയുക്തപരിശോധന നടത്തി അടക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്.

## 1-19 തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് പ്രത്യേകലൈൻ വലിക്കൽ,മീറ്റർ സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിച്ചില്ല.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം തെരുവിളക്കുകൾ സ്ഥാപിക്കുന്നതിന് പ്രത്യേകലൈൻ വലിക്കുന്നതിനും മീറ്റർ സ്ഥാപിക്കുന്നതിനുമായി തുക കെ.എസ്.ഇ.ബിയിൽ അടച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ-240/20

നിർവഹണം-സെക്രട്ടറി

ഫണ്ട്-ധനകാര്യകമ്മീഷൻ ഗ്രാന്റ്

അടങ്കൽ-1466505

ചെലവഴിച്ച തുക-1466268

1. ട്രഷറി ബിൽ /തീയതി-29/18.01.20-400000
2. ട്രഷറി ബിൽ/തീയതി-30/18.01.20-400000
3. ട്രഷറി ബിൽ/തീയതി-31/18.01.20-399758
4. ട്രഷറി ബിൽ/തീയതി-34/18.01.20-266510

ഇതിൽ ക്രമനമ്പർ 1,2,3 പ്രകാരമുള്ള തുക കെ.എസ്.ഇ.ബി.അസി.എഞ്ചിനീയർ പാടിച്ചിറക്കും,ക്രമനമ്പർ 4 പ്രകാരമുള്ള തുക കെ.എസ്.ഇ.ബി. അസി.എക്സി.എഞ്ചിനീയർ പുൽപ്പള്ളിക്കുമാണ് നൽകിയത്.കെ.എസ്.ഇ.ബി.അസി.എഞ്ചിനീയർ പാടിച്ചിറയുമായി കരാർ വെച്ചിട്ടുണ്ട് .കരാറിൽ പൂർത്തീകരണകാലാവധി ചേർത്തിട്ടില്ല. 29.07.21 ന് കെ.എസ്.ഇ.ബി.അസി.എഞ്ചിനീയർ പാടിച്ചിറ പഞ്ചായത്തിന് നൽകിയ കത്തിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്ന പ്രവർത്തി പൂർത്തീകരിച്ചതായും ഈ ലൊക്കേഷനുകളിൽ മീറ്റർ വെച്ച് ചാർജ്ജ് ചെയ്യുന്നതിനായി സർവീസ് കണക്ഷനുള്ള അപേക്ഷ നൽകുന്നതിനും ആവശ്യപ്പെട്ടിരുന്നു.എന്നാൽ പദ്ധതി ഇനിയും പൂർത്തീകരിച്ചതായി കാണുന്നില്ല. പുൽപ്പള്ളി കെ.എസ്.ഇ.ബിയുമായി കരാർ വെച്ചതായോ പ്രവൃത്തി പൂർത്തീകരിച്ചതായോ കാണുന്നില്ല.

പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി.നം.16/19-20 തീയതി 18.11.21 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കാത്തതിനാൽ 1466268 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 കുടുംബശ്രീമുഖേന പച്ചക്കറിതൈ വിതരണം-പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം നടപ്പാക്കിയ കുടുംബശ്രീ മുഖേന പച്ചക്കറി തൈവിതരണ പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ വന്നിട്ടുണ്ട്.

പ്രോജക്ട് നമ്പർ-182/20

പ്രോജക്ട്-കുടുംബശ്രീ മുഖേന പച്ചക്കറിതൈ വിതരണം

നിർവഹണം-കൃഷി ഓഫീസർ

അടങ്കൽ-4,75,000

ചെലവ്- ട്രഷറി ബിൽ 6/19-20/18.01.20-475000

1. വിതരണം നടത്താനുള്ള തൈകൾ വാങ്ങിയത് പനമരം ബയോഗ്രീൻ എന്ന സ്ഥാപനത്തിൽ നിന്നാണ്.എന്നാൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ വിവരങ്ങൾ ഫയലിൽ ഇല്ല.
2. കുടുംബശ്രീയൂണിറ്റുകൾക്ക് വിതരണം ചെയ്യുന്നതിന് വേണ്ടി 439815തൈകൾ വാങ്ങിയിട്ടുണ്ടെങ്കിലും 20870 തൈകൾ മാത്രമാണ് യൂണിറ്റുകൾക്ക് വിതരണം ചെയ്തിട്ടുള്ളത്.ബാക്കി തൈകൾ കുടുംബശ്രീ.എ.ഡി.എസ് മാർക്കാണ് നൽകിയതായി കാണുന്നത്.
3. പ്രൊജക്ടിന്റെ മോണിട്ടറിംഗ് സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഇല്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണവും അധികവിവരങ്ങളും ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി.നം.5 /19-20 തീയതി 16.11.21 പ്രകാരം ആവശ്യപ്പെട്ടതിന് നിർവഹണോദ്യോഗസ്ഥൻ നല്കിയ മറുപടിയിൽ ലോക്ക്ഡൌൺ കാലമായതിനാൽ എ.ഡി.എസുമാരെ വിതരണം ഏൽപ്പിച്ചതാണെന്നും അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-21 വെറ്റിനറി സർജൻ നടപ്പാക്കിയ മരുന്ന് വാങ്ങൽ പദ്ധതി-അപാകങ്ങൾ

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം നടപ്പാക്കിയ വെറ്ററിനറി ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ വന്നിട്ടുണ്ട്.

പ്രോജക്ട് നമ്പർ-72/20

പ്രോജക്ട്-വെറ്ററിനറി ഡിസ്പെൻസറിക്ക് മരുന്ന് ലഭ്യമാക്കൽ

നിർവഹണം-വെറ്ററിനറി സർജൻ

അടങ്കൽ-450000

ചെലവ്-ട്രഷറി ബിൽ 4/19-20/07.11.19-450000

1. ടെണ്ടർ മുഖേന മൂന്ന് സ്ഥാപനങ്ങളിൽ നിന്നാണ് മരുന്ന് വാങ്ങിയതെങ്കിലും ടെണ്ടർ ഫോറം വില ഈടാക്കിയതിന്റെ വിവരങ്ങൾ ,ഇ.എം.ഡി സ്വീകരിച്ചതിന്റെ വിവരങ്ങൾ എന്നിവ ഫയലിൽ ഇല്ല.

2. കരാറുകാരിൽ നിന്ന് സെക്യൂരിറ്റിഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല.

3. വാങ്ങൽ സംബന്ധിച്ച പർച്ചേസിംഗ് കമ്മിറ്റി തീരുമാനം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച വിവരങ്ങളും അപാകതകൾക്ക് വിശദീകരണവും ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി.നം.7 /19-20 തീയതി 16.11.21 പ്രകാരം ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ സമർപ്പിച്ചിട്ടില്ല.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 വെറ്ററിനറി സർജൻ നടപ്പാക്കിയ വിധവകൾക്ക് പെണ്ണാട് വിതരണപദ്ധതി-അപാകതകൾ

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം നടപ്പാക്കിയ വിധവകൾക്ക് (ജനറൽ)മലബാറിപെണ്ണാട് വിതരണപദ്ധതിയിൽ അപാകതകൾ വന്നിട്ടുണ്ട്.

പ്രോജക്ട് നമ്പർ-87/20

പ്രോജക്ട്-വിധവകൾക്ക് മലബാറിപെണ്ണാട് (ജനറൽ)

നിർവഹണം-വെറ്ററിനറി സർജൻ

അടങ്കൽ-216000

ചെലവ്-ട്രഷറി ബിൽ 29/19-20/30.03.20-18000

ഗുണഭോക്തൃവിഹിതം-18000

മൂന്ന് ഗുണഭോക്താക്കൾക്കായി 6000 രൂപ വീതം സബ്സിഡി അനുവദിക്കുകയാണ് ചെയ്തത്.രണ്ട് ആടുകളെ വീതം വാങ്ങിയതായാണ് സാക്ഷ്യപത്രം ഉള്ളത്.6000 രൂപ വീതം ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടച്ചിട്ടുണ്ട്.

പദ്ധതിനടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.വാങ്ങിയ ആടുകളുടെ പ്രായം ,ഭാരം, ഗുണമേൻമ എന്നിവ സംബന്ധിച്ച് യാതൊരു വിവരങ്ങളും ഫയലിൽ ഇല്ല.(സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ.14.02.18 കാണുക)

2. വാങ്ങൽ സംബന്ധിച്ച പർച്ചേസിംഗ് കമ്മിറ്റി തീരുമാനം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3. ജില്ലാതലത്തിൽ ആടുകളുടെ വില നിശ്ചയിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4. ആടുകളെ ഇൻഷ്വർ ചെയ്ത രേഖകൾ ഫയലിൽ ഇല്ല.

തൻവർഷം നടപ്പാക്കിയ എസ്.ടി വനിതകൾക്ക് മലബാറി ആട് വിതരണപദ്ധതിയിൽ ഒരു ആടിന്റെ വില 8900 രൂപ കണക്കാക്കിയാണ് 100% സബ്സിഡി നൽകിയിരിക്കുന്നത് .എന്നാൽ ഈ പദ്ധതിയിൽഒരു ആടിന്റെ വില 6000 കണക്കാക്കിയാണ് സബ്സിഡി നൽകിയത് .അതായത് ആടിന്റെ വില കണക്കാക്കിയത് ഏകീകൃതമാനദണ്ഡങ്ങൾപ്രകാരമല്ല.

ഓഡിറ്റ് എൻക്വയറി.നം.9 /19-20 തീയതി 16.11.21 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ അപാകതകളുടെ വെളിച്ചത്തിൽ 18000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 വെറ്ററിനറി സർജൻ നടപ്പാക്കിയ നിരാലംബരായ എസ്.ടി.വനിതകൾക്ക് പെണ്ണാട് വിതരണപദ്ധതി-അപാകതകൾ

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം നടപ്പാക്കിയ നിരാലംബരായ എസ്.ടി.വനിതകൾക്ക് മലബാറിപെണ്ണാട് വിതരണപദ്ധതിയിൽ അപാകതകൾ വന്നിട്ടുണ്ട്.

പ്രോജക്ട് നമ്പർ-111/20

പ്രോജക്ട്-നിരാലംബരായ എസ്.ടി.വനിതകൾക്ക്

നിർവഹണം-വെറ്ററിനറി സർജൻ

അടങ്കൽ-240300

ചെലവ്-ട്രഷറി ബിൽ 14/19-20/18.01.20-44640

-ട്രഷറി ബിൽ 30/19-20/30.03.20-26700

8 ഗുണഭോക്താക്കൾക്ക് ഓരോ ആടിനെ വീതം വിതരണം ചെയ്തതിന് റിഷാദ് മുഹമ്മദ് അലി എന്നയാൾക്കാണ് തുക നൽകിയിരിക്കുന്നത്.ഒരു ആടിന് 8900 രപ വീതമാണ് നൽകിയത്.

പദ്ധതിനടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വാങ്ങിയ ആടുകളുടെ പ്രായം ,ഭാരം, ഗുണമേൻമ എന്നിവ സംബന്ധിച്ച് യാതൊരു വിവരങ്ങളും ഫയലിൽ ഇല്ല.(സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ.14.02.18 കാണുക)

2. വാങ്ങൽ സംബന്ധിച്ച പർച്ചേസിംഗ് കമ്മിറ്റി തീരുമാനം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3. ജില്ലാതലത്തിൽ ആടുകളുടെ വില നിശ്ചയിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഈ പദ്ധതിയിൽ ഒരു ആടിന്റെ വില 8900 രൂപ കണക്കാക്കിയാണ് 100% സബ്സിഡി നൽകിയിരിക്കുന്നത് .എന്നാൽ വിധവകൾക്ക് ഒരു ആടിന്റെ വില 6000 കണക്കാക്കിയാണ് സബ്സിഡി നൽകിയത് .അതായത് ആടിന്റെ വില കണക്കാക്കിയത് ഏകീകൃതമാനദണ്ഡങ്ങൾപ്രകാരമല്ല.

ഓഡിറ്റ് എൻക്വയറി.നം.10 /19-20 തീയതി 16.11.21 പ്രകാരം മേൽ സൂചിപ്പിച്ച അധികവിവരങ്ങളും അപാകതകൾക്ക് വിശദീകരണവും ആവശ്യപ്പെട്ടുവെങ്കിലും മറുപടിയോ ,അധികവിവരങ്ങളോ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ലഭ്യമാക്കേണ്ടതാണ്.

## 1-24 വെറ്റിനറി സർജൻ നടപ്പാക്കിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-തുക ഗുണഭോക്താക്കൾക്ക് ലഭിച്ച വിവരങ്ങൾ ഫയലിൽ ഇല്ല.

വെറ്റിനറിസർജൻ നടപ്പാക്കിയ ,ക്ഷീരകർഷകർക്ക് പാലിന് സബ്സിഡിവിതരണപദ്ധതിയിൽ തുകകൾ ഗുണഭോക്താക്കൾക്ക് ലഭിച്ച വിവരം ഉറപ്പുവരുത്തിയിട്ടില്ല.

പ്രോജക്ട് നമ്പർ-78/20

പ്രോജക്ട്-ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി

നിർവഹണം -വെറ്റിനറി സർജൻ

അടങ്കൽ-51,00,000(G.P-1700000,B.P-1700000,D.P-17000000

ചെലവഴിച്ച തുക-15,88,129

1.ട്രഷറി ബിൽ നമ്പർ-9/18.01.20-1,90,292

2.ട്രഷറി ബിൽ നമ്പർ-6/18.01.20-2,13,029

3. ട്രഷറി ബിൽ നമ്പർ-12/18.01.20-1,50,107

4. ട്രഷറി ബിൽ നമ്പർ-8/18.01.20-1,56,646

5. ട്രഷറി ബിൽ നമ്പർ-13/18.01.20-2,76,150

6. ട്രഷറി ബിൽ നമ്പർ-7/18.01.20-1,68,376

7. ട്രഷറി ബിൽ നമ്പർ-11/18.01.20-2,14,978

8. ട്രഷറി ബിൽ നമ്പർ-10/18.01.20-2,18,551

9. ട്രഷറി ബിൽ നമ്പർ-6/18.01.20-2,13,029

പദ്ധതിക്കുവേണ്ടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം ,ജില്ലാപഞ്ചായത്ത് വിഹിതം എന്നിവ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. പദ്ധതിയുടെ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.കർഷകർ പാൽ അളന്നതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകേണ്ടതെങ്കിലും പാൽ അളന്നതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.നൽകിയ തുക കർഷകരുടെ അക്കൌണ്ടിൽ ക്രഡിറ്റ് ആയ വിവരങ്ങളോ UTR സ്റ്റേറ്റ്മെന്റോ ഫയലിൽ ഇല്ല.

മേൽപ്പറഞ്ഞ അധികവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി.നം.8 /19-20 തീയതി 16.11.21പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും വിവരങ്ങൾ ഹാജരാക്കിയില്ല.15,88,129 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം നീക്കേണ്ടതാണ്.

## 1-25 വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം വെറ്റിനറി സർജൻ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1. പ്രോജക്ട് നമ്പർ-204/20

പ്രോജക്ട്-കാലിത്തൊഴുത്ത് നിർമ്മിക്കൽ-എസ്.ടി

നിർവഹണം-വെറ്റിനറി സർജൻ

അടങ്കൽ-300000

ചെലവഴിച്ച തുക-210000

ട്രഷറിബിൽ 01/19-20/26.04.19-120000

ട്രഷറിബിൽ 02/19-20/26.04.19-90000

2.പ്രോജക്ട് നമ്പർ-205/20

പ്രോജക്ട്-എസ്.ടി.വിഭാഗക്കാർക്ക് പെണ്ണാടിനെ നൽകൽ

നിർവഹണം-വെറ്റിനറി സർജൻ

അടങ്കൽ-212000

ചെലവഴിച്ച തുക -180000

ട്രഷറിബിൽ 03/19-20/26.04.19-180000

3. 2018-19 വർഷത്തെ സംയുക്തപ്രോജക്ടായ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതിക്ക് വേണ്ടി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും താഴെപ്പറയുന്ന വൌച്ചറുകൾ പ്രകാരം നൽകിയിട്ടുണ്ട്.

ജില്ലാപഞ്ചായത്ത് വിഹിതം

| വൌച്ചർനമ്പർ/തീയതി | തുക |
|---|---|
| 21900131/18.05.19 | 493838 |
| 21900132/18.05.19 | 471768 |
| 21900133/18.05.19 | 264394 |
| ആകെ | 1230000 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം

| വൌച്ചർനമ്പർ/തീയതി | തുക |
|---|---|
| 21900134/18.05.19 | 443766 |
| 21900135/18.05.19 | 390216 |
| 21900136/18.05.19 | 480519 |
| 21900137/18.05.19 | 498499 |
| ആകെ | 1813000 |

ഈ തുകകൾ വിതരണം ചെയ്ത രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.08.11.21 ന് ഓഡിറ്റ് റിക്വിസിഷൻപ്രകാരവും ഓഡിറ്റ് എൻക്വയറി.നം.12 /19-20 തീയതി 16.11.21 പ്രകാരവും വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 3433,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്നില്ലായെങ്കിൽ 1997ലെ കേരളപഞ്ചായത്ത് രാജ് (ഓഡിറ്റ് സംവിധാനവും പരിശോധനാരീതിയും) ചട്ടങ്ങളിലെ ,ചട്ടം12,1 994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 11, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ,ചട്ടം10 എന്നിവപ്രകാരം രേഖകൾ നിലവിലില്ലയെന്ന നിഗമനത്തിൽ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

## <u>1-26 തുടർസാക്ഷരത പദ്ധതി രേഖകൾ ഹാജരാക്കിയിട്ടില്ല 1,08,561/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.</u>

2019-20 സാമ്പത്തിക വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തുന്നതിനായി തയ്യാറാക്കിയ പദ്ധതികളിൽ തുടർ സാക്ഷരത പദ്ധതിക്കായി 1,08,561 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക / ഫണ്ടിനം | ചെലവഴിച്ച തുക | ബിൽ നം. തീയതി |
|---|---|---|---|---|
| 207/20 | തുടർസാക്ഷരത വിദ്യാഭ്യാസം | 110000 വികസന ഫണ്ട് ജനറൽ | 108561/- | 2/19-20 തീ.18/06/19 |

രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം. 14 തീയതി 18/11/2021 പ്രകാരം രേഖകൾ ഹാജരാക്കുന്നതിനായി നിർദ്ദേശം നൽകിയിരുന്നെങ്കിലും, രേഖകൾ ഓഡിറ്റ് സമയത്ത് ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചെലവഴിച്ച 1,08,561/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## <u>1-27 വിവിധ കുടിവെള്ള പദ്ധതികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.</u>

2019-20 സാമ്പത്തിക വർഷത്തിൽ അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മുള്ളങ്കൊല്ലി ഗ്രാമ പഞ്ചായത്ത് പരിധിയിലെ

വിവിധ കോളനികളിലേക്ക് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടുന്നതിന് വേണ്ടി താഴെപ്പറയും പ്രകാരം തുക കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | 198/20 |
| പ്രോജക്ടിന്റെ പേര് | പാതിരി മാഞ്ചുവട് എസ്.സി കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ - വികസന ഫണ്ട് | 299500 |
| ബിൽ നമ്പർ തീയതി | 4/19-20 തീയതി 18/5/19 |
| തുക | 299500 |
| കേരള വാട്ടർ അതോറിറ്റി രശീത് നം | 1080939 തീ.30/05/2019 |

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | 196/20 |
| പ്രോജക്ടിന്റെ പേര് | ഐ.എച്ച്.ഡി.പി.കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ - വികസന ഫണ്ട് | 203200 |
| ബിൽ നമ്പർ തീയതി | 6/19-20 തീയതി 18/5/19 |
| തുക | 203200 |
| കേരള വാട്ടർ അതോറിറ്റി രശീത് നം | 1080941 തീ.30/05/2019 |

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | 197/20 |
| പ്രോജക്ടിന്റെ പേര് | ഭൂദാനം എസ്.സി കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ - വികസന ഫണ്ട് | 400000 |
| ബിൽ നമ്പർ തീയതി | 5/19-20 തീയതി 18/5/19 |
| തുക | 400000 |
| കേരള വാട്ടർ അതോറിറ്റി രശീത് നം | 1080940 തീ.30/05/2019 |

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | 200/20 |
| പ്രോജക്ടിന്റെ പേര് | എ.പി.ജെ. എസ്.റ്റി. കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ - വികസന ഫണ്ട് | 207780 |
| ബിൽ നമ്പർ തീയതി | 3/19-20 തീയതി 18/5/19 |
| തുക | 207780 |

| | |
|---|---|
| കേരള വാട്ടർ അതോറിറ്റി രശീത് നം | 1080938 തീ.30/05/2019 |

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | 201/20 |
| പ്രോജക്ടിന്റെ പേര് | കാപ്പിസെറ്റ് മുതലിമാരൻ കോളനി കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പക്കൽ |
| അടങ്കൽ - വികസന ഫണ്ട് | 150000 |
| ബിൽ നമ്പർ തീയതി | 2/19-20 തീയതി 18/5/19 |
| തുക | 150000 |
| കേരള വാട്ടർ അതോറിറ്റി രശീത് നം | 1080937 തീ.30/05/2019 |

മേൽ പദ്ധതികൾക്കുള്ള തുക 30/05/2019 ന് ലഭിച്ചതായി കേരള വാട്ടർ അതോറിറ്റി രശീത് നൽകിയെങ്കിലും പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം , കേരള വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ടിട്ടുള്ള ഉടമ്പടി പത്രത്തിന്റെ പകർപ്പ്, പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ എന്നിവ ഫയലിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആയതി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. കൂടാതെ മേൽ പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പദ്ധതി നാളിതുവരെ പൂർത്തിയാക്കിയതിന്റെ വിനിയോഗ സാക്ഷപത്രം , മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കി അറിയിക്കേണ്ടതാണ്. മേൽ പദ്ധതികൾക്കായി ചെലവഴിച്ച 12,60,480/- രൂപ (299500+ 203200+ 400000 + 207780 + 150000) തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാണെങ്കിൽ മോണിറ്ററിംഗ് റിപ്പോർട്ട് വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4 തീയതി 8/11/2021 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-28 പട്ടിക വർഗ്ഗ സാംസ്കാരിക നിലയങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ -രേഖകൾ സൂക്ഷിക്കുന്നില്ല

പ്രോജക്ട് നം. 210/2020

പ്രോജക്ടിന്റെ പേര് - പട്ടിക വർഗ്ഗ സാംസ്കാരിക നിലയങ്ങൾക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ - വികസന ഫണ്ട് - ടി.എസ്.പി. - 250000

ചെലവഴിച്ച തുക – ബിൽ നം. 1/2019-20 തീയതി 18/05/2019 തുക 146262/-

ഗ്രാമ പഞ്ചായത്തിലെ വിവിധ പട്ടിക വർഗ്ഗ സാസ്കാരിക നിലയങ്ങൾക്ക് ഫർണിച്ചർ വാങ്ങി നൽകുകയാണ് പദ്ധതി ലക്ഷ്യം.ടെണ്ടർ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്യുതും നടപ്പാക്കിയതും.10.01.2019 തീയതിയിലെ നമ്പർ:എ.എസ്.6/18 ടെണ്ടർ നോട്ടീസ് മുഖേന നിശ്ചിത സ്പെസിഫിക്കേഷനില്ലുള്ള സ്റ്റീൽ മേശകൾ, ഫൈബർ കസേരകൾ , സ്റ്റീൽ അലമാരകൾ എന്നിവ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും 3 ടെണ്ടറുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്.15.02.2019 ൽ ചേർന്ന പ്രൊക്വർമെന്റ് കമ്മിറ്റി തീരുമാനം 1/2019 പ്രകാരം , ടെണ്ടർ സമർപ്പിച്ചരിൽ ഫിഡ്കോ കോഴിക്കോട് എന്ന സ്ഥാപനം നൽകിയ ടെണ്ടർ അംഗീകരിച്ചു. പ്രസ്തുത തീരുമാനത്തിന്, ഭരണ സമിതിയുടെ 21.02.20219 തീയതിയിലെ 4/19 നമ്പർ തീരുമാനം പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 26.02.2019ലെ എ.എസ്-12/2018 നമ്പർ കത്ത് മുഖേന 15 സ്റ്റീൽ മേശകൾ, 200 ഫൈബർ കസേരകൾ , 11 കസേരകൾ എന്നിവ വിതരണം നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. 22-03-2019 ലെ 578 നമ്പർ ഇൻവോയ്സ് അനുസരിച്ച് 200 ഫൈബർ കസേരകളും 11 സ്റ്റീൽ അലമാരകളും വിതരണം നടത്തിയിട്ടുണ്ട്. മേൽ നമ്പർ ബിൽ പ്രകാരം 146262 രൂപ ഫിഡ്കോ എന്റർപ്രൈസസിന് നൽകിയിട്ടുണ്ട്. ആയത് താഴെപ്പറയും പ്രകാരം വിതരണം നടത്തിയിട്ടുണ്ട.

| ക്രമ നം | സാസ്കാരിക നിലയത്തിന്റെ പേര് | കസേരകളുടെ എണ്ണം | അലമാരകളുടെ എണ്ണം |
|---|---|---|---|
| 1 | കൊളവള്ളി കോളനി പട്ടിക വർഗ്ഗ സാംസ്കാരിക നിലയം | 20 | |
| 2 | ഇരിപ്പൂട് കോളനി പട്ടിക വർഗ്ഗ സാംസ്കാരിക നിലയം | 35 | 2 |
| 3 | മാടൽപ്പാടി കോളനി | 35 | 2 |

| | | | |
|---|---|---|---|
| | പട്ടിക വർഗ്ഗ സാംസ്കാരിക നിലയം | | |
| 4 | മാടപ്പള്ളി പണിയ കോളനി പട്ടിക വർഗ്ഗ സാംസ്കാരിക നിലയം | 15 | 1 |
| 5 | മുതലിമാരൻ കോളനി പട്ടിക വർഗ്ഗ സാംസ്കാരിക നിലയം ( വാർഡ് 11) | 40 | 2 |
| 6 | മുതലിമാരൻ കോളനി പട്ടിക വർഗ്ഗ സാംസ്കാരിക നിലയം ( വാർഡ് 10) | 35 | 2 |
| 7 | മൂന്നുപാലം കാട്ടുനായ്ക്ക കോളനി പട്ടിക വർഗ്ഗ സാംസ്കാരിക നിലയം | 20 | 2 |
| | ആകെ | 200 | 11 |

ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1.വിവിധ സാംസ്കാരിക നിലയങ്ങളുടെ ഫർണിച്ചറുകളുടെ ആവശ്യകത സംബന്ധിച്ച് പരിശോധന നടത്തിയതായി കാണുന്നില്ല. നേരത്തെ ഏതെങ്കിലും പ്രോജക്ടുകൾ മുഖേന ത്രിതല പഞ്ചായത്തുകളോ, വകുപ്പുകളോ ഫർച്ചറുകൾ വിതരണം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

2. സാംസ്കാരിക നിലയങ്ങൾക്ക് വിതരണം നടത്തുന്നതിന് വാങ്ങിയ ഫർണിച്ചറുകളുടെ വിവരം നിർവ്വഹണ ഉദ്യോഗസ്ഥൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം മാത്രമേ വിതരണം നടത്താൻ പാടുള്ളൂ. അത്തരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചതായി കാണുന്നില്ല.

3.സപ്ലൈ ഓർഡർ നൽകിയ 15 സ്റ്റീൽ മേശകൾ ടെണ്ടർ ലഭിച്ച ഫിഡ്കോ എന്റർപ്രൈസസ് വിതരണം നടത്തിയിട്ടില്ല. ആയതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തുകയോ വിതരണം നടത്താത്തതിന്റെ കാരണം ഏജൻസിയോട് ആരായുകയോ ചെയ്തിട്ടില്ല.

4. സാംസ്കാരിക നിലയങ്ങൾക്ക് നൽകുന്ന ഫർണിച്ചറുകളും മറ്റ് സാധനങ്ങളും സാംസ്കാരിക നിലയെ കമ്മിറ്റി ഭാരവാഹികൾ മുഖേന മാത്രമേ വിതരണം നടത്താൻ പാടുള്ളൂ. ഭാരവാഹികളിൽ നിന്നാണ് കൈപ്പറ്റ് രസീതുകൾ വാങ്ങേണ്ടത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വിതരണം നടത്തിയത് എസ്.റ്റി പ്രമോട്ടർമാർക്കാണ്. ഇത് ക്രമവിരുദ്ധമാണ്.

5. സാസ്കാരിക നിലയങ്ങൾക്ക് നൽകിയ ഫർണിച്ചറുകൾ പ്രസ്തുത സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയത് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധച്ചിട്ടില്ല. അവയുടെ സ്റ്റോക്ക് രജസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3 തീയതി 9.11.2021 ന് നൽകിയ മറുപടിയിൽ സാംസ്കാരിക നിലയങ്ങൾക്ക് നിലവിൽ കമ്മിറ്റികളോ ഭാരവാഹികളോ നിലവിലില്ല എന്നും എസ്.റ്റി പ്രമോട്ടർമാരാണ് സാംസ്കാരിക നിലയങ്ങൾ നിയന്ത്രിക്കുന്നതെന്നും വ്യക്തമാക്കി. കൂടാതെ സാംസ്കാരിക നിലയങ്ങൾ നിലവിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നും വ്യക്തമാക്കി. ഇത് ക്രമ വിരുദ്ധമാണ്. ഗ്രാമ പഞ്ചായത്ത് നൽകുന്ന ഫർണിച്ചറുകൾ മറ്റ് ആസ്തികൾ എന്നിവയിൽ ഗ്രാമ പഞ്ചായത്തിന്റെ പേര്, വിതരണം ചെയ്ത വർഷം ക്രമ നമ്പറുകൾ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ഇത്തരം നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. നിലവിൽ ഓരോ സാംസ്കാരിക നിലയത്തിലുമുള്ള എല്ലാ ഫർണിച്ചറുകളുടെയും വിശദ വിവരങ്ങൾ പരിശോധിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്. നേരത്തെ ഗ്രാമ പഞ്ചായത്തിൽ നിന്നോ മറ്റ് വകുപ്പുകളിൽ നിന്നോ ലഭിച്ച എല്ലാ വിധ ഫർണിച്ചറുകളുടെയും വിവരം വിശദമായി പരിശോധിച്ച് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-29 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പ്രദർശന ബോർഡ് സ്ഥാപിക്കൽ - ചരക്ക് സേവന നികുതി ഒടുക്കിയില്ല

മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത് പരിധിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളിൽ പ്രദർശന ബോർഡ് സ്ഥാപിക്കുന്നതിനായി 11/10/2019 തീയതിയിൽ സി-4/5530 നമ്പറായി താഴെപ്പറയുന്ന അളവുകളിൽ കോൺക്രീറ്റ് *ഫെറോസിമന്റ് ബോർഡുകൾ സ്ഥാപിച്ച നൽകുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ലഭ്യമായ ടെണ്ടറുകളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ പീറ്റർ.പി.വി പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ* (GSTIN 32AOLPV0808C1Z7) എന്നയാളുടെ ടെണ്ടർ അംഗീകരിച്ച് 12/11/2019 തീയതിയിൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

ടെണ്ടർ അംഗീകരച്ചതിന്റെ വിവരം

| ക്രമ നം | സപ്ലൈ ചെയ്യേണ്ട സാധന സാമഗ്രികൾ | അംഗീകരിച്ചതും കരാറുകാരൻ രേഖപ്പെടുത്തിയതുമായ തുക എല്ലാ |
|---|---|---|

| | | |
|---|---|---|
| | | നികുതികളും മറ്റ് ചാർജ്ജുകളും ഉൾപ്പടെ |
| 1 | 1മീറ്റർ നീളവും 60 സെ.മീ വീതിയുമുള്ള ഫെറോ സിമന്റിൽ/ കോൺക്രീറ്റിൽ തീർത്ത ബോർഡ് പെയിന്റ് ചെയ്ത് പ്രവൃത്തിയുടെ വിവരങ്ങൾ രേഖപ്പെടുത്തി പ്രവൃത്തി സ്ഥലത്ത് കോൺക്രീറ്റിൽ ഉറപ്പിക്കുന്നതിന് | 1600 |
| 2 | 1.50 മീറ്റർ നീളവും 1.20മീ വീതിയുമുള്ള ഫെറോ സിമന്റിൽ/ കോൺക്രീറ്റിൽ തീർത്ത ബോർഡ് പെയിന്റ് ചെയ്ത് പ്രവൃത്തിയുടെ വിവരങ്ങൾ രേഖപ്പെടുത്തി പ്രവൃത്തി സ്ഥലത്ത് കോൺക്രീറ്റിൽ ഉറപ്പിക്കുന്നതിന് | 2300 |

2019-20 സാമ്പത്തിക വർഷത്തിൽ 84 പ്രവൃത്തികളുടെ 1 മീറ്റർ നീളവും 60 സെ.മീ വീതിയുമുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ബോർഡ് ഒന്നിന് 1600 രൂപ നിരക്കിൽ ആകെ 134400 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. മേൽ പ്രകാരമുള്ള ബോർഡുകൾ ജി.എസ്.റ്റി നിയമം പ്രകാരം 12% നിരക്കിൽ നികുതി ഈടാക്കേണ്ട ഇനമാണ്. എന്നാൽ യാതൊരു നികുതിയും കരാറുകാരൻ ബില്ലിൽ രേഖപ്പെടുത്തുകയൊ ഒടുക്കുകയോ ചെയ്തിട്ടില്ല. മേൽ തുകയ്ക്ക് 14400 രൂപ ( 6% CGST 7200/- രൂപ 6%SGST 7200 രൂപ) ഈടാക്കേണ്ടതാണ്. ഇത് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നികുതിയായി ലഭിക്കേണ്ട തുക നഷ്ടമാവാൻ കാരണമായി. ഇതിന് വിശദീകരണം ലഭ്യമാക്കേണ്ടതും നഷ്ടതുക ഉത്തരവാദികളിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കി അറിയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം തുക നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-30 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികൾ പട്ടിക വർഗ്ഗ വിദ്യാർഥികൾക്ക് പ്രഭാത ഭക്ഷണം രേഖകൾ ഹാജരാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തുന്നതിനായി തയ്യാറാക്കിയ പദ്ധതികളിൽ 2 പ്രോജക്ടുകൾ മുഖേനയാണ് പട്ടിക വർഗ്ഗക്കാർക്ക് പ്രഭാത ഭക്ഷണം പദ്ധതിക്കായി തുക ചെലവഴിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക / ഫണ്ടിനം | ചെലവഴിച്ച തുക | ബിൽ നം. തീയതി |
|---|---|---|---|---|---|
| 1 | 189/20 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം | 600000/- വികസന ഫണ്ട് ടി.എസ്.പി | 116860/- 93560/- 129440/- 111190 | 3/19-20 തീ.11/10/19 4/19-20 തീ.24/10/19 5/19-20 തീ.31/12/19 6/19-20 തീ.18/02/20 |
| 2 | 206/20 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം ( സ്പിൽ ഓവർ) | 51200/- വികസന ഫണ്ട് ടി.എസ്.പി | 51200 | 1/19-20 തീ.18/06/19 |

തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ രേഖകൾ 10.11.2021 ഹാജരാക്കുന്നതിനായി ഓഡിറ്റ് റിക്വിസിഷൻ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ രേഖകൾ ഓഡിറ്റിന് പര്യാപ്തമായ രീതിയിലായിരുന്നില്ല. തുടർന്ന് രേഖകൾ ക്രമപ്പെടുത്തി ഹാജരാക്കുന്നതിനായി നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 18.11.2021 വീണ്ടും രേഖകൾ ഓഡിറ്റിനായി ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിരുന്നെങ്കിലും രേഖകൾഹാജരാക്കിയില്ല. ആയതിനാൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 502250/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 അസി.എൻജിനിയറുടെ രജിസ്റ്ററുകളും ഫയലുകളും അപൂർണ്ണം

അസിസ്റ്റൻറ് എൻജിനിയറുടെ രജിസ്റ്ററുകളും നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും പരിശോധിച്ചപ്പോൾ അവയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പദ്ധതികളുടെ ടെണ്ടർ സമയത്ത് പണമായും,ചെക്കായും,ഡ്രാഫ്റ്റായും ലഭിക്കുന്ന EMD തുകകളുടെ വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

പദ്ധതികളുടെ ടെണ്ടർ സമയത്ത് പണമായും,ചെക്കായും,ഡ്രാഫ്റ്റായും നിർവ്വഹണോദ്യോഗസ്ഥന് ലഭിക്കുന്ന തുകകളുടെ വിവരം

രേഖപ്പെടുത്തേണ്ട EMD രജിസ്റ്റർ സൂക്ഷിക്കുകയോ,ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. പകരം EMD ആയി ലഭിക്കേണ്ട തുക ,രസീതു നമ്പർ,തിയതി തുടങ്ങിയവയൊന്നും രേഖപ്പെടുത്തുന്നില്ല. സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും സെക്യൂരിറ്റിയായി ലഭിച്ചത് പണമായാണോ, നിക്ഷേപമായാണോ എന്നുള്ള വിവരങ്ങൾ ഒന്നും തന്നെ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ,എല്ലാ കരാറുകാരിൽ നിന്നും EMDവാങ്ങിയിട്ടാണോ ടെണ്ടറിൽ പങ്കെടുപ്പിച്ചിരിക്കുന്നത് എന്നും, പദ്ധതി ഏറ്റെടുത്ത കരാറുകാർ മതിയായ സെക്യൂരിറ്റി നിക്ഷേപം കെട്ടിവച്ചിട്ടുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2 എഗ്രിമെൻറ് രജിസ്റ്ററിൽ ഓരോ പ്രവൃത്തിയും പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തുന്നില്ല.

3 ടെണ്ടർ ഭരണസമിതി അംഗീകരിച്ചാൽ 7 ദിവസത്തിനകം കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകണമെന്നാണെങ്കിലും ,സമയപരിധിക്കുള്ളിൽ എല്ലാ കരാറുകാർക്കും സെലക്ഷൻ നോട്ടീസ് നൽകുന്നതായി കാണുന്നില്ല. ചിലർക്ക് രണ്ടും,മൂന്നും മാസങ്ങൾക്ക് ശേഷം നൽകുന്നതായും കാണുന്നുണ്ട്,അയക്കുന്ന നോട്ടീസിലാകട്ടെ അയച്ച തിയതി,കരാറുകാരൻ കൈപ്പറ്റിയ തിയതി എന്നിവയും രേഖപ്പെടുത്തുന്നില്ല

4. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനും തമ്മിൽ ഒപ്പിടുന്ന കരാറിൽ ഭരണസമിതി തീരുമാനം,കരാർ തുക,പ്രവൃത്തി പൂർത്തീകരിക്കേണ്ട അവസാന തിയതി എന്നിവയൊന്നും തന്നെ ഉൾപ്പെടുത്തുന്നില്ല

5. കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല.

6 പൂർത്തീകരണ സമയം നീട്ടുന്നതിനായി അപേക്ഷകൾ ലഭിച്ചതായോ,സമയം നീട്ടിനൽകാൻ ഭരണസമിതിയുടെ അംഗീകാരം വാങ്ങിയതായോ കാണുന്നില്ല.

7 ക്യാഷ് ബുക്കിൽ ട്രഷറിബിൽ നമ്പർ ,ചെക്ക് നമ്പർ എന്നിവ രേഖപ്പെയുത്തുന്നില്ല

8 ഫയലിൽ മുൻ പാർട്ട് ബില്ലുകളും,തൻവർഷ ബില്ലുകളും ട്രഷറിയിൽ നിന്നും പാസാക്കിയ തിയതി രേഖപ്പെടുത്തുന്നില്ല.

9 ചെക്കായി ലഭിക്കുന്ന തനതുഫണ്ടിന്റെ വിവരവും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 മരാമത്ത് പ്രവൃത്തി എഗ്രിമെൻറ് വയ്ക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ച് 7ദിവസത്തിനകം , കരാറുകാരന് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് നൽകണമെന്നും, നോട്ടീസ് കൈപ്പറ്റി 14 ദിവസം വരെ പിഴയില്ലാതെയും തുടർന്ന് 10ദിവസം വരെ കരാർ തുകയുടെ 1 % പിഴയോടുകൂടിയും കരാർ ഒപ്പിടാമെന്നമാണ് വ്യവസ്ഥ. എന്നാൽ നോട്ടീസ് കൈപ്പറ്റി സമയപരിധി കഴിഞ്ഞ് കരാർ ഒപ്പിട്ട കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കിയില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് അടങ്കൽ | കരാറുകാരൻ, നിരക്ക് | ടെണ്ടർ തിയതി | പിഴയില്ലാതെ കരാർ ഒപ്പിടാവുന്ന തിയതി | കരാർ,ഒപ്പിട്ട തിയതി | ഈടാക്കേണ്ടിയിരുന്ന പിഴ | ബിൽ നമ്പർ ,തിയതി തുക |
|---|---|---|---|---|---|---|
| 286/20 (121/19)ഗ്രാമശ്രീ അംഗൻവാടി അറ്റകുറ്റപ്പണി 2,00,000 | ജിത്തു ജോസഫ് 164307 | 3-8-2018 | 17-8-2018 | 28-9-2018 AE/LSGD/13/18-19 | 1643 | 25/19-20/14-10-2019 /187720 |
| (247/19) കൊളവള്ളിആൾട്ടർനേറ്റീവ് സ്കൂൾ റിപ്പയർ 4,47,000 | ജോസഫ് പി റ്റി 4,46,175 | 13-11-2018 | 4-12-2018 | 7-3-2019/AE/LSGD/59/18-19 | 4462 | 5/19-20 14-5-2019 /234681 |
| ആകെ | | | | | 6105 | |

നിശ്ചിത സമയത്തിനുള്ളിൽ കരാർ ഒപ്പിടാതിരുന്ന മേൽ പരാമർശിച്ചിരിക്കുന്ന കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴയീടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

## 1-33 ടൗണുകളിൽ ഡസ്റ്റ്ബിൻ സ്ഥാപിക്കൽ ചട്ടങ്ങൾ പാലിക്കാതെ പ്രവൃത്തി നടപ്പിലാക്കി

അസിസ്റ്റന്റ് എൻജിനിയറുടെ 2018 -19 ലെ പദ്ധതികളിൽ ഉൾപ്പെടുത്തിയതും 2019-20 ൽ നടപ്പിലാക്കിയതുമായ പ്രോജക്ട് 291/20 (271/19) ടൗണുകളിൽ ഡസ്റ്റ്ബിൻ സ്ഥാപിക്കൽ എന്ന പ്രവൃത്തിയുടെ നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു

1. കേന്ദ്രത്തിൽ നിന്നും ലഭിച്ച ശുചിത്വമിഷൻ ഗ്രാന്റുപയോഗിച്ച് ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട ആറു ടൗണുകളിൽ ഡസ്റ്റ്ബിൻ സ്ഥാപിക്കാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതെങ്കിലും,ഇതിൽ നിന്നും വ്യതിചലിച്ച് 12വിവിധ സ്ഥാപനങ്ങളിൽ സ്ഥാപിച്ചു എന്നാണ് അന്നത്തെ നിർവ്വഹണോദ്യോഗസ്ഥൻ പറഞ്ഞത്.വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയത് എന്തുകൊണ്ടാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

2. 11-10-2018 ൽ നടന്ന ടെണ്ടറിൽ ശ്രീ സിംസൺ സീ വി സമർപ്പിച്ച എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ 23-10-2018 ലെ9/18 നമ്പർ തീരുമാനപ്രകാരം കൗൺസിൽ അംഗീകരിച്ചിരുന്നുവെങ്കിലും, കേരള പൊതുമരാമത്ത് മാന്വലിലെ 2009.5,2011 എന്നീ വ്യവസ്ഥകൾ പാലിക്കാതെ ഒരുവർഷം കഴിഞ്ഞ് 15-10-2019 ൽ മാത്രമാണ് കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനും തമ്മിൽ കരാർ ഒപ്പിട്ടിരിക്കുന്നത്.

3. ഏതൊക്കെ സ്ഥാപനങ്ങളിലാണ് ബിൻ സ്ഥാപിച്ചിരിക്കുന്നത് എന്ന് ഫയലിലും,എം ബുക്കിലും രേഖപ്പെടുത്തിയിട്ടില്ല.

4. സ്ഥാപിച്ചിരിക്കുന്ന ബിന്നുകളുടെ സംരക്ഷണം,ബിന്നുകളിൽ നിക്ഷേപിക്കുന്ന ബോട്ടിലുകളുടെ ശേഖരണം എന്നിവ സംബന്ധിച്ചുമുള്ള വിവരങ്ങൾ ഫയലിലില്ല.

5. ബിന്നുകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ ഇവ സ്ഥാപിച്ചതായുള്ള സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രങ്ങളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6. പദ്ധതി പൂർത്തികരിച്ചതായുള്ള മോണിറ്ററിംഗ് സമിതി റിപ്പോർട്ടും ഫയലിലില്ല.

7. ബിന്നുകൾ സ്ഥാപിച്ചതായി നിർവ്വഹണോദ്യോഗസ്ഥൻ പറഞ്ഞ മൃഗാശുപത്രി പാടിച്ചിറ,പ്രാഥമികാരോഗ്യ കേന്ദ്രം മാടൽ,ഗവൺമെന്റ് ഹൈസ്കൂൾ പെരിക്കല്ലൂർ എന്നിവടങ്ങളിൽ നേരിട്ടുപോയി പരിശോധിച്ചപ്പോൾ സ്ക്വയർ പൈപ്പും,ഷീറ്റുംകൊണ്ട് നിർമ്മിച്ചതും, രണ്ടരയടി നീളവും,വീതിയും,ഉയരവുമുള്ളതും പച്ചപെയിന്റടിച്ച് ചതുരപ്പെട്ടിയുടെ രൂപത്തിലുള്ളത് സ്ഥാപിച്ചതായി കണ്ടു. എന്നാൽ ഇവ തുറന്നുപരിശോധിച്ചപ്പോൾ ,മൃഗാശുപത്രി,പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവടങ്ങളിൽ സ്ഥാപിച്ചിരിക്കുന്നവയിൽ കുപ്പികളും മറ്റ് മാലിന്യങ്ങളും ,ഗവൺമെന്റ് ഹൈസ്കൂൾ പെരിക്കല്ലൂരിന്റേതിൽ കുട്ടികൾ കഴിച്ച ഭക്ഷണാവശിഷ്ടങ്ങൾ നിറഞ്ഞ് ചീഞ്ഞളിഞ്ഞ നിലയിലുമാണ് കാണപ്പെട്ടത്. ഈ പെട്ടികളുടെ മുകൾഭാഗത്ത് ഉറപ്പിരിക്കുന്ന ഷീറ്റ് ചെറുതും,പുറത്തേക്ക് തള്ളിനിൽക്കാതെ ഉള്ളിൽ നിൽക്കുന്ന രീതിയിലുള്ളതായതുകൊണ്ട് പെയ്യുന്ന മഴവെള്ളം ഒലിച്ചിറങ്ങി പെട്ടിക്കകത്ത് കെട്ടിക്കിടന്ന് അകത്തുള്ള വസ്തുക്കൾ ചീഞ്ഞളിഞ്ഞ് അറപ്പുളവാക്കുന്ന നിലയിലാണ് എല്ലാപ്പെട്ടികളും കാണപ്പെട്ടത്. മേൽക്കൂര പ്രത്യേകമായിട്ടില്ലാത്തതിനാൽ ,മുകൾഭാഗത്ത് വച്ചിരിക്കുന്ന ഷീറ്റിൽ വെള്ളംകെട്ടിക്കിടന്നും,ഒലിച്ചിറങ്ങിയും ,പെട്ടി മൊത്തത്തിൽ തുരുമ്പെടുത്ത നിലയിലും.,വാതിലുകൾ തുറക്കാൻ പറ്റാത്ത നിലയിലുമാണ്.

8. ഈ പെട്ടി എന്തിനുവേണ്ടിയുള്ളതാണെന്നോ,ആര് സ്ഥാപിച്ചതാണെന്നോ പെട്ടികളിൽ രേഖപ്പെടുത്തിയിട്ടില്ല.

9. ഈ പെട്ടികൾ സിമെന്റ് കോൺക്രീറ്റിൽ ഉറപ്പിച്ചതായിട്ടാണ് പറയുന്നതെങ്കിലും മൃഗാശുപത്രിയിൽ സ്ഥാപിച്ചിരിക്കുന്ന പെട്ടി അപ്രകാരം ഉറപ്പിച്ചിട്ടില്ല.

സ്ഥാപിച്ചിരിക്കുന്ന ഓരോ പെട്ടികൾക്കും 24982 രൂപ ചെലവഴിച്ചതായി കാണിച്ചിട്ടുണ്ടെങ്കിലും, ഇതിന്റെ പകുതി പോലും മൂല്യം വരുമോയെന്നുള്ളത് സംശയമാണ്.

ഇവ സ്ഥാപിച്ചിരിക്കുന്നത് എവിടെയെല്ലാം എന്നതുൾപ്പെടെയുള്ള വിശദാംശങ്ങളും അപാകതകളും ചൂണ്ടിക്കാണിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ നിലനിൽക്കുന്നതിനാൽ പദ്ധതിക്കായി ചെലവഴിച്ച 299784 രൂപയുടെ ചെലവ് ചെക്ക് നമ്പർ (013205/673480823/28-2-2020) ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു . ഇതോടൊപ്പം സ്ഥാപിച്ചിരിക്കുന്ന പെട്ടികളുടെ എണ്ണം, മൂല്യം,ഗുണമേൻമ തുടങ്ങിയവ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് സമഗ്ര അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഇക്കാര്യങ്ങളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 മരാമത്ത് പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം-പിഴ ഈടാക്കിയില്ല

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചുനൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയംദീർഘിപ്പിച്ചുനൽകുന്നത്, ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും അധികരിയ്ക്കാൻ പാടില്ലായെന്നും, പിഴയായി ആദ്യതവണ കരാർ തുകയുടെ 1 ശതമാനവും തുടർന്ന് കരാർ തുകയുടെ 2 ശതമാനം വീതവും ഈടാക്കണമെന്നുമാണ്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15ത സ്വ ഭ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവിന് 2 ശതമാനം നിരക്കിലും പിഴയീടാക്കണമെന്നുമാണ്.ഈ വ്യവസ്ഥകൾകരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും. താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തകരാറുകാർ കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതെ ,കാലാവധി കഴിഞ്ഞ് മാസങ്ങൾക്ക് ശേഷം അപേക്ഷ നൽകിയ കരാറുകാരിൽ നിന്നും യാതൊരുവിധ പിഴയും ഈടാക്കാതെ അവസാന ബിൽതുക നൽകിയതായി കാണുന്നു. .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം/ അടങ്കൽ | കരാറുകാരൻ ടെണ്ടർ നിരക്ക്(PAC) | എഗ്രിമെൻറ്/ തിയതി | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തിയതി | എം ബുക്ക്പ്രകാരം പൂർത്തിയാക്കിയ തിയതി | പൂർത്തിയാക്കാനെടുത്ത കാലതാമസം | ഈടാക്കേണ്ടിയിരുന്ന പിഴ | അവസാന ബിൽ *ചെക്ക് നമ്പർ* / തിയതി / തുക |
|---|---|---|---|---|---|---|---|
| 276/20(82/19)ചെറ്റപ്പാലം മനയ്ക്കൽ തോട്ടംവയൽ റോഡ് ടാറിംഗ് 6,00,000 | പുൽപ്പള്ളി ലേബർ കോൺട്രാക്ട് സൊസൈറ്റി 586860 | AE/LSGD/20/18-19/ 9-11-2018 | 6 മാസം 8-5-2019 | 18-2-2020 | 9മാസം 10 ദിവസം | 5%(1+2+2) 29343 | 67/19-20 /13-3-2020 /438736 രൂപ |
| 221/20 (229/18) പാടിച്ചിറ കിഴക്കേക്കുന്ന് റോഡ് റീ ടാറിംഗ് 7,44,000 | ജോസഫ് പി റ്റി 743033 | 8/17-18/ 7-2-2018 | 6 മാസം 6-8-2018 | 12-3-2019 | 7മാസം 6 ദിവസം | 5%(1+2+2) 37152 | 2/19-20 /14-5-2019 695503 രൂപ |
| (251/19)കുളക്കാട്ടിൽ കവല സുരഭിക്കവല റോഡ് കൾവർട്ട് 6,00,000 | പുൽപ്പള്ളി ലേബർ കോൺട്രാക്ട് സൊസൈറ്റി 597297.09 | 27/17-18/ 27-2-2018 | 12 മാസം 26-2-2019 | 13-8-2019 | 6മാസം 13 ദിവസം | 3%(1+2) 17919 | 24/19-20 /5-9-2019 300882 രൂപ |

പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്ത മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സമയബന്ധിതമായി പ്രവൃത്തിയാക്കാത്ത മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും പിഴയീടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## <u>1-35 ബില്ലിൽ നിന്നും ചരക്ക് സേവന നികുതി കുറവ് വരുത്തിയില്ല</u>

ആകെ പ്രവൃത്തിമൂല്യം ചരക്ക് സേവന നികുതി ഉൾപ്പെടെ 2,50,000 രൂപയിൽ കൂടുതലുള്ള താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ അവസാന ബിൽ തയാറാക്കിയപ്പോൾ 12 ശതമാനം ചരക്ക് സേവന നികുതി കൂടി ഉൽപ്പെടുത്തിയെങ്കിലും ,കരാറുകാരന് തുക നൽകിയപ്പോൾ ബില്ലിൽ നിന്നും 2 ശതമാനം ചരക്ക് സേവന നികുതി കുറവ് വരുത്തി ഈ തുക ബന്ധപ്പെട്ട കരാറുകാരുടെ പേരിൽ ചരക്ക് സേവന നികുതി വകുപ്പിൽ ഒടുക്കേണ്ടതിനുപകരം ഈ തുക കൂടി കരാറുകാരന് നൽകിയതായി കാണുന്നു.

| പ്രൊജക്ട് നം/ അടങ്കൽ | കരാറുകാരൻ | എം ബുക്ക് നമ്പർ/ പ്രവൃത്തി മൂല്യം | ബില്ലിൽ നിന്നും കുറവുവരുത്തേണ്ടിയിരുന്ന2 % GST തുക | ബിൽനമ്പർ / തിയതി / തുക |
|---|---|---|---|---|
| 209/20 (120/19)മാടൽ ഹെൽത്ത് സെന്റർ അറ്റകുറ്റപ്പണി 4,00,000 | പൂൽപ്പള്ളി ലേബർ കോൺട്രാക്ട് സൊസൈറ്റി | 139/18-19 ,14/19-20 352496,15 | 7050 | 1/19-20 14-5-19 195168, 29/19-20 /14-11-2019 157328 |
| 281/20 (94/19)തറപ്പത്തുകവല കുരിശുമലറോഡ് ടാറിംഗ് 6,50,000 | കെ കെ സോമൻ | 141/18-19 ,9/19-20 579741.77 | 3322 | 27/19-20/21-10-2019 166119 |
| ആകെ | | | 10372 | |

തറപ്പത്തുകവല കുരിശുമല റോഡ് ടാറിംഗ് പ്രവൃത്തിയുടെ ആദ്യ പാർട്ടബിൽ തുകയായ 413623 രൂപയിൽ നിന്നും ചരക്കുസേവന നികുതിയിനത്തിൽ 8272രൂപ ഈടാക്കിയിരുന്നു.എന്നാൽ അവസാന ബിൽ തുകയിൽനിന്നും ചരക്കുസേവന നികുതി പിടിച്ചില്ല. അപാകത സംബന്ധിച്ച് വിശദീകരണം അവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

## <u>1-36 സമയബന്ധിതമായി പൂർത്തിയാക്കാത്ത മരാമത്ത പ്രവൃത്തികളുടെ എസ്റ്റ്മേറ്റ് പുതുക്കി നൽകുന്നു</u>

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി

പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചുനൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥകൾ കരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും. താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തകരാറുകാർ കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതെ ,കാലാവധി കഴിഞ്ഞ് മാസങ്ങൾക്ക് ശേഷം പദ്ധതികളുടെ എസ്റ്റിമേറ്റ് , വ്യകതമായ കാരണങ്ങൾ രേഖപ്പെടുത്താതെയും പുതുക്കിയ എസ്റ്റിമേറ്റ് റിപ്പേർട്ട് തയാറാക്കാതെയും പുതുക്കി നൽകുന്നതായി കാണുന്നു. ഇപ്രകാരം എസ്റ്റിമേറ്റ് പുതുക്കുമ്പോൾ ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന പല ഐറ്റംസും പൂർണ്ണമായി ഒഴിവാക്കി പുതിയ ഐറ്റംസ് ഉൾപ്പെടുത്തുന്നതായിട്ടാണ് കാണുന്നത് . ഇത് സൂചിപ്പിക്കുന്നത് സൈറ്റ് പരിശോധന നടത്താതെയാണ് നിർവ്വഹണോദ്യോഗസ്ഥൻ എസ്റ്റിമേറ്റ് തയാറാക്കുന്നത് എന്നാണ്.

2017-18 ൽ ടെണ്ടർ ചെയ്ത് എഗ്രിമെൻറുവച്ച് 31-3-2018 പൂർത്തിയാക്കേണ്ട 38 മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കാൻ 20-2-2018 5/5/18(4)നമ്പർ ഭരണസമിതി തീരുമാനപ്രകാരം നിർവ്വഹണോദ്യോഗസ്ഥന് അനുമതി നൽകിയത് . 30-10-2019 ലെ 18/19 നമ്പർ ഭരണസമിതി തീരുമാനപ്രകാരം ആവശ്യമുള്ള എല്ലാ പ്രവൃത്തികളുടെയു എസ്റ്റിമേറ്റ് പുതുക്കാൻ നിവ്വഹണോദ്യോഗസ്ഥന് അനുമതി നൽകിയിരിക്കുന്നത് . എസ്റ്റിമേറ്റ് പുതുക്കാൻ അനുമതി ലഭിച്ച മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗത്തിന്റെയും എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി വാങ്ങി പ്രവൃത്തി പൂർത്തിയാക്കാൻ ഒന്നും രണ്ടും വർഷങ്ങളെടുത്തതായിട്ടാണ് കാണുന്നത്. എസ്റ്റിമേറ്റു പുതുക്കലിനും,പൂർത്തീകരണ താമസത്തിനുമുള്ള ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| പ്രോജക്റ്റ് ,നമ്പർ | കരാറുകാരൻ | എഗ്രിമെന്റ്,തിയതി | എസ്റ്റിമേറ്റ് പുതുക്കിയ തിയതി | പ്രവൃത്തി പൂർത്തിയാക്കിയ തിയതി |
|---|---|---|---|---|
| സുരഭിക്കവല വെട്ടിക്കവല റോഡ് റീടാറിംഗ് 220/20 (52/18) | പുൽപ്പള്ളി ലേബർ കോൺട്രാക്ട് സൊസൈറ്റി | 3/17-18 /5-1-2018 | 28-3-2019 | 20-1-2020 |
| മൂന്നുപാലംഅംഗൻവാടി കെട്ടിട നിർമ്മാണം 218/20 (218/19) | കെ കെ വർഗീസ് | 46/17-18 26-3-2018 | 18-2-2020 | 16-3-2020 |

ഇത്തരത്തിൽ എസ്റ്റിമേറ്റുകൾ പുതുക്കേണ്ടിവരുമ്പോൾ പദ്ധതി പൂർത്തീകരണം അനന്തമായി നീണ്ടുപോകുകയും, പദ്ധതി ലക്ഷ്യം കൈവരിക്കാതെ ജനങ്ങൾക്ക് പ്രയോജനപ്പെടാതെ പോകുകയും ചെയ്യുന്നു. അതുപോലെ തന്നെ പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ട് ചെലവഴിക്കപ്പെടാതെ ലാപ്സാകുകയും,അടുത്ത വർഷം ലഭിക്കേണ്ട ഗ്രാന്റിൽ കുറവുണ്ടാകുകയും ചെയ്യുന്നു.

എസ്റ്റിമേറ്റ് പുതുക്കാൻ ഭരണസമിതി അനുവദിച്ചതിന് ശേഷം, എസ്റ്റിമേറ്റ് പുതുക്കാൻ ഒരുവർഷത്തിലധികം സമയമെടുത്തത് നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുണ്ടായ ഗുരുതരമായ വീഴ്ചയാണ്. അതുപോലെ തന്നെ പ്രവൃത്തികരിക്കുന്നതിൽ കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴയും ഈടാക്കിയിട്ടില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

